22
2025
ഫെബ്രുവരി
ശനി
കുംഭം 10

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.81 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-81 പേജ് 4. വില 2.00 രൂപ




02 അച്ഛനമ്മമാർ ആശുപത്രിയിൽ ഉപേക്ഷിച്ച കുഞ്ഞിന് സർക്കാർ സംരക്ഷണമൊരുക്കും

03 കസ്റ്റഡിയിലെടുത്തയാളെ സിപിഎം പ്രവർത്തകർ മോചിപ്പിച്ച സംഭവം; പോലീസുകാരെ കൊല്ലുമെന്ന് ഭീഷണി

04 ചരിത്രനിമിഷം; കേരളം രഞ്ജി ട്രോഫി ഫൈനലിൽ

# കേരളത്തിനായി പുതിയ വികസന പദ്ധതികൾ



കൊച്ചി : ലുലു ബോൾഗാട്ടി ഇന്റർനാഷനൽ കൺവൻഷൻ സെന്ററിൽ ആരംഭിച്ച ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയിൽ കേരളത്തെ പുകഴ്ത്തി കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. ഓൺലൈനായി ഉദ്ഘാടന ചടങ്ങിൽ സംബന്ധിച്ച കേന്ദ്ര ഗതാഗതമന്ത്രി, കേരളത്തിനായി പുതിയ വികസന പദ്ധതികൾ പ്രഖ്യാപിച്ചു. മൊത്തം 1,30,000 കോടി രൂപയുടെ വികസന പദ്ധതികളാണ് കേരളത്തിൽ നടപ്പാക്കുക. റോഡ് വികസനത്തിനുള്ള 50,000 കോടി രൂപയുടെ പദ്ധതികൾ ഉടൻ നടപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.

പാലക്കാട്, കഞ്ചിക്കോട്, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിൽ 10,840 കോടിയുടെ പദ്ധതികൾ മൂന്നു മാസത്തിനകം തുടങ്ങും. അങ്കമാലി-കുണ്ടന്നൂർ വരെയുള്ള ബൈപാസ് 6 വരിയാക്കാൻ 6,500 കോടി രൂപ അനുവദിച്ചു. 45 കിലോമീറ്റർ നീളുന്ന ഈ ദേശീയപാതയുടെ വികസനപ്രവർത്തനം 6 മാസത്തിനകം തുടങ്ങും. ഇതോടെ ഈ റൂട്ടിലെ ഒന്നരമണിക്കൂർ യാത്രാസമയം അരമണിക്കൂറായി ചുരുങ്ങും. 62.7 കിലോമീറ്റർ ദൈർഘ്യമുള്ള തിരുവനന്തപുരം ഔട്ടർറിങ്റോഡ് പദ്ധതിക്ക് 5000 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ പദ്ധതിയാണിത്. 4 മാസത്തിനകം നിർമാണം ആരംഭിക്കുമെന്നും ഗഡ്കരി പറഞ്ഞു.

കൊല്ലം ജില്ലയിലും മലബാർ മേഖലയിലും വിവിധ റോഡ് വികസന പദ്ധതികൾക്കും തുക അനുവദിച്ചു. ടൂറിസവും ആയുർവേദവും കേരളത്തിന്റെ നെടുംതൂണുകളാണെന്നും ഇതിനായി കേരളത്തിലെത്തുന്നവരെ ആകർഷിക്കാൻ മികച്ച അടിസ്ഥാനസൗകര്യം അനിവാര്യമാണെന്നും ഗഡ്കരി പറഞ്ഞു.

## കേരളം മികച്ച മാതൃക; 30,000 കോടിയുടെ നിക്ഷേപം നടത്തും: കരൺ അദാനി




കൊച്ചി: വികസിത ഇന്ത്യക്ക് ശക്തമായ പ്രാദേശിക സമ്പദ്‌വ്യവസ്ഥകൾ അനിവാര്യമാണെന്നും അതിന് മികച്ച മാതൃക കേരളമാണെന്നും അദാനി പോർട്സ് എംഡി കരൺ അദാനി. സംസ്ഥാനത്ത് അഞ്ചുവർഷത്തിനുള്ളിൽ അദാനി ഗ്രൂപ്പ് 30,000 കോടിയുടെ നിക്ഷേപം നടത്തുമെന്നും അദ്ദേഹം പറഞ്ഞു. കൊച്ചിയിൽ ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കരൺ അദാനി.

5000 കോടി രൂപയാണ് ഇതുവരെ വിഴിഞ്ഞത്ത് നിക്ഷേപിച്ചിട്ടുള്ളത്. ഇത് കൂടാതെ 20,000 കോടി രൂപയുടെ നിക്ഷേപം കൂടി വിഴിഞ്ഞത്ത് നടത്തുമെന്നും പറഞ്ഞു. കൊച്ചിയിൽ ലോജിസ്റ്റിക്, ഇ കൊമേഴ്സ് ഹബ്ബ് സ്ഥാപിക്കും. സിമന്റ് ഉൽപ്പാദനമേഖലയിലും നിക്ഷേപം വാഗ്ദാനം ചെയ്തു. തിരുവനന്തപുരം വിമാനത്താവളത്തിന്റെ അടുത്തഘട്ട വിപുലീകരണത്തിന് 5500 കോടി രൂപ ചെലവഴിക്കും.

വികസനരംഗത്ത് അടയാളപ്പെടുത്താവുന്ന മാറ്റങ്ങളാണ് കേരളത്തിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ സാധ്യമാക്കിയത്. മികച്ച വ്യവസായ സൗഹൃദാന്തരീക്ഷവും സ്റ്റാർട്ടപ് ആവാസവ്യവസ്ഥയും കേരളത്തെ മുന്നിലെത്തിച്ചു. മാത്രമല്ല മാനവവിഭവശേഷി വികസനത്തിലും കേരളം മാതൃകയാണെന്നും കരൺ അദാനി പറഞ്ഞു.



## ആഗോള നിക്ഷേപക ഉച്ചകോടി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

കൊച്ചി : ലുലു ബോൾഗാട്ടി അന്താരാഷ്ട്ര കൺവൻഷൻ സെന്ററിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ഉച്ചക്കോടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. പ്രതിപക്ഷ നേതാവ് വിഡി സതീശനടക്കം കേന്ദ്ര സംസ്ഥാന മന്ത്രിമാർ, വൻകിട വ്യവസായികൾ, വിദേശ രാജ്യങ്ങളിൽ നിന്നടക്കമുള്ള പ്രതിനിധികൾ ഉൾപ്പെടെ ഒട്ടേറെ പ്രമുഖർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

കെഎസ്ഐഡിസിയാണ് ദ്വിദിന ഉച്ചകോടി സംഘടിപ്പിക്കുന്നത്. 26 രാജ്യങ്ങളിലെ നയതന്ത്രപ്രതിനിധികളുംബഹ്റൈൻ, അബുദാബി, സിംബാബ്‌വേ മന്ത്രിതലസംഘവും എത്തും. ജർമനി, വിയറ്റ്നാം, നോർവേ, ഓസ്ട്രേലിയ, മലേഷ്യ, ഫ്രാൻസ് എന്നിവയും ഉച്ചകോടിയുടെ പങ്കാളിരാജ്യങ്ങളാണ്. ഷാർജ, അബുദാബി, ദുബായ് ചേംബർ ഓഫ് കൊമേഴ്സ്ഉൾപ്പെടെയുള്ള വ്യവസായ, വാണിജ്യ സംഘടനകളും പങ്കെടുക്കും.

## ഭൂമി തരംമാറ്റൽ: 25 സെന്റിൽ കൂടുതലെങ്കിൽ ആകെ വിലയുടെ 10% അടയ്ക്കണം

ന്യൂഡൽഹി : നെൽവയൽ തണ്ണീർത്തട നിയമപ്രകാരം തരംമാറ്റുന്ന ഭൂമി 25 സെന്റിൽ കൂടുതലാണെങ്കിൽ (ഒരു ഏക്കർ വരെ), മൊത്തം ഭൂമിയുടെ ന്യായവിലയുടെ 10% ഫീസ് അടയ്ക്കണമെന്നു സുപ്രീം കോടതി. അധികഭൂമിയുടെ മാത്രം ന്യായവിലയുടെ 10% ഫീസ് അടച്ചാൽ മതിയെന്ന ഹൈക്കോടതി ഉത്തരവ് റദ്ദാക്കിക്കൊണ്ടാണിത്. ചെറിയ അളവിൽ മാത്രം ഭൂമി തരംമാറ്റുന്നവരെ സഹായിക്കാനാണ് ഫീസിളവിന് 25 സെന്റ് എന്ന പരിധി നിശ്ചയിച്ചിരിക്കുന്നതെന്നാണ് സർക്കാർ വാദിച്ചത്.

ഫീസ് നിർണയിച്ചുള്ള സർക്കുലറിൽ ഇതുവ്യക്തമാക്കിയിരുന്നതാണെന്നും ചൂണ്ടിക്കാട്ടി. ഇതിനെതിരെ തൊടുപുഴ സ്വദേശി മൗഷ്മി ആൻ ജേക്കബ് നൽകിയ ഹർജിയിലാണ് അധികഭൂമിക്കു മാത്രം ഫീസ് വാങ്ങിയാൽ മതിയെന്ന് ഹൈക്കോടതി പറഞ്ഞത്. ഒരു ഏക്കറിൽ കുടുതലുണ്ടെങ്കിൽ ന്യായവിലയുടെ 20 ശതമാനമാണ് ഫീസ്.

## ഓൺലൈൻ തട്ടിപ്പ് സംഘത്തിന് ആളുകളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൈമാറി; രണ്ട് മലയാളികൾ അറസ്റ്റിൽ

കൊച്ചി: ഓൺലൈൻ ലോൺ ആപ്പ് വഴി കോടികൾ തട്ടിയ കേസിൽ രണ്ട് മലയാളികൾ ഇ ഡിയുടെ കസ്റ്റഡിയിൽ. കോഴിക്കോട് സ്വദേശി സയീദ് മുഹമ്മദ്, ഫോർട്ട് കൊച്ചി സ്വദേശി ടി ജി വർഗീസ് എന്നിവരാണ് പിടിയിലായത്. തട്ടിപ്പിന് ഇടനിലക്കാരായി നിന്നവരാണ് പിടിയിലായത്. 500 ബാങ്ക് അക്കൗണ്ടുകളാണ് ഇവർ തട്ടിപ്പു സംഘത്തിന് നൽകിയത്. തട്ടിപ്പ് സംഘത്തിന് അക്കൗണ്ടുകൾ നൽകിയ വകയിൽ ഇരുവർക്കും 2 കോടി 70 ലക്ഷം കമ്മിഷൻ ലഭിച്ചിരുന്നു. ചൈനീസ് ആപ്പുകൾ ഈ അക്കൗണ്ടുകളിലൂടെ 1650 കോടി രൂപയാണ് തട്ടിയെടുത്തത്. ലോൺ ആപ്പ് തട്ടിപ്പുമായി ബന്ധപ്പെട്ട് നാലു തമിഴ്നാട്ടുകാർ നേരത്തെ പിടിയിലായിരുന്നു. കാഞ്ചീപുരം സ്വദേശികളായ ഡാനിയേൽ സെൽവകുമാർ, കതിരവൻ രവി, ആന്റോ പോൾ പ്രകാശ്, അലൻ സാമുവേൽ എന്നിവരാണ് അറസ്റ്റിലായത്. ഇവർ ഐടി ജീവനക്കാരാണ്.

## സ്ത്രീധനം ചോദിച്ചില്ലെങ്കിലും ക്രൂരതക്കുറ്റം നിലനിൽക്കും: സുപ്രീം കോടതി



ന്യൂഡൽഹി : പ്രകടമായി സ്ത്രീധനം ആവശ്യപ്പെട്ടില്ലെന്നതു കൊണ്ട് ഭാര്യയ്ക്കെതിരായ ക്രൂരതാകുറ്റത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ ഭർത്താവിനോ വീട്ടുകാർക്കോ കഴിയില്ലെന്നു സുപ്രീം കോടതി വ്യക്തമാക്കി.

ബിപി, പ്രമേഹം, കാൻസർ കണ്ടെത്താൻ സൗജന്യ പരിശോധന; കേന്ദ്രപദ്ധതിക്ക് തുടക്കം

നേരിട്ടു സ്ത്രീധനം ആവശ്യപ്പെട്ടില്ലെന്നത് ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം ക്രൂരത സംബന്ധിച്ച കുറ്റം ഒഴിവാക്കുന്നതിനുള്ള കാരണമാകില്ല. സ്ത്രീധനം ആവശ്യപ്പെട്ടിട്ടില്ലെങ്കിലും ഐപിസിയിലെ 498എ പ്രകാരമുള്ള കുറ്റം (ക്രൂരത) നിലനിൽക്കുമെന്നും ജഡ്ജിമാരായ വിക്രംനാഥ്, പ്രസന്ന ബി. വരാലെ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

2 തരത്തിലുള്ള ക്രൂരതയാണ് ഈ വകുപ്പിലുള്ളത്. ശാരീരികവും മാനസികവുമായ ഹാനി വരുത്തുന്നതാണ് ഒന്നാമത്തേത്. വസ്തുവോ വിലപിടിപ്പുള്ള ഉറപ്പുപത്രമോ നിയമവിരുദ്ധമായി ആവശ്യപ്പെട്ടുകൊണ്ട് ഭാര്യയെ അവഹേളിക്കുന്നതാണു രണ്ടാമത്തേത്. പ്രകടമായി സ്ത്രീധനം ആവശ്യപ്പെട്ടിട്ടില്ലെന്നതു കൊണ്ട് 498എ വകുപ്പിൽ നിന്ന് ഒഴിഞ്ഞുമാറാൻ ഭർത്താവിനോ വീട്ടുകാർക്കോ കഴിയില്ല.

ഭർത്താവും ബന്ധുക്കളും മർദിച്ചുവെന്നു ചൂണ്ടിക്കാട്ടിയുള്ള ഭാര്യയുടെ പരാതിയിൽ ക്രിമിനൽ കേസെടുത്തതുമായി ബന്ധപ്പെട്ടതാണ് വിഷയം. അതിനെതിരെ ഭർത്താവ് നൽകിയ ഹർജി പരിഗണിച്ച ഹൈക്കോടതി കേസ് റദ്ദാക്കി. സ്ത്രീധനം ആവശ്യപ്പെട്ടതായി പരാതിയില്ലെന്നായിരുന്നു ഹൈക്കോടതിയുടെ വാദം. അതിനെതിരെ ഭാര്യയാണു സുപ്രീം കോടതിയെ സമീപിച്ചത്.



# കീം 2025ന് അപേക്ഷ ക്ഷണിച്ചു

2025 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിലെ 'KEAM 2025 Online Application' എന്ന ലിങ്ക് മുഖേന മാർച്ച് 10 വൈകുന്നേരം 5 മണിവരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. അപേക്ഷകരുടെ എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ സർട്ടിഫിക്കറ്റ്, ജനന തീയതി, നാഷണാലിറ്റി, നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ഫോട്ടോ, ഒപ്പ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം. വിവിധ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ അപ്ലോഡ് ചെയ്യുന്നതിന് മാർച്ച് 15 വൈകുന്നേരം 5 മണിവരെ അവസരം ഉണ്ടായിരിക്കും. അപേക്ഷയുടെ അക്നോളഡ്ജ്മെന്റ് പേജിന്റെ പകർപ്പോ മറ്റ് അനുബന്ധ രേഖകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല. അപേക്ഷകൻ ഏതെങ്കിലും ഒരു കോഴ്സിനോ/എല്ലാ കോഴ്സുകളിലേക്കുമോ ഉള്ള പ്രവേശനത്തിന് ഒരു ഓൺലൈൻ അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളു. പ്രവേശനം സംബന്ധിച്ച വിശദമായ വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിലെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും മേൽ പറഞ്ഞ തീയതിക്കുള്ളിൽ www.cee.kerala.gov.in വെബ്സൈറ്റിലെ 'KEAM 2025 Online Application' ലിങ്ക് മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) നടത്തുന്ന നീറ്റ് യു.ജി 2025 പരീക്ഷ എഴുതി യോഗ്യത നേടേണ്ടതുമാണ്. കൂടാതെ കേരളത്തിലെ ആർക്കിടെക്ചർ കോഴ്സിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ മേൽ പറഞ്ഞ തീയതിക്കുള്ളിൽ www.cee.kerala.gov.in വെബ്സൈറ്റിലെ 'KEAM 2025 Online Application' എന്ന ലിങ്ക് മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും കൗൺസിൽ ഓഫ് ആർക്കിടെക്ചർ (CoA) നടത്തുന്ന NATA 2025 പരീക്ഷ എഴുതി യോഗ്യത നേടേണ്ടതുമാണ്. പ്രവേശനം സംബന്ധിച്ച വിശദമായ വിജ്ഞാപനം, പ്രോസ്പെക്ടസ് എന്നിവയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471 2332120, 0471 2338487, 0471 2525300.

# ആരോഗ്യം ആനന്ദം-അകറ്റാം അർബുദം: കാൻസർ അതിജീവിതരുടെ സംഗമം

ആരോഗ്യം ആനന്ദം-അകറ്റാം അർബുദം കാൻസർ പ്രതിരോധ ക്യാമ്പയിന്റെ ഭാഗമായി കാൻസർ അതിജീവിതരുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സംഗമം സംഘടിപ്പിക്കുന്നു. മലബാർ കാൻസർ സെന്റർ, കോഴിക്കോട് മെഡിക്കൽ കോളേജ്, മലബാർ മേഖലയിലെ സ്വകാര്യ കാൻസർ ചികിത്സാ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നും കാൻസർ രോഗമുക്തി നേടിയവരാണ് സംഗമത്തിൽ പങ്കെടുക്കുന്നത്. ഫെബ്രുവരി 22ന് വൈകുന്നേരം 4 മണിക്ക് കോഴിക്കോട് ജെൻഡർ പാർക്കിൽ വച്ചാണ് കാൻസർ അതിജീവിതരുടെ സംഗമം സംഘടിപ്പിക്കുന്നത്. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് സംഗമത്തിൽ പങ്കെടുത്ത് ആശയവിനിമയം നടത്തും.

കാൻസർ സ്ക്രീനിംഗിന് പലരും ഇപ്പോഴും ഭയപ്പെടുന്നു. പല കാൻസറുകളും വളരെ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ ഭേദമാക്കാൻ സാധിക്കുമെന്ന സന്ദേശമാണ് കാൻസർ അതിജീവിതർക്ക് നൽകാനുള്ളത്. അവരുടെ വാക്കുകൾ, അവർ കടന്നു വന്ന വഴികൾ മറ്റുള്ളവരിൽ ഏറെ പ്രചോദനമുണ്ടാക്കും. ഇനിയും കാൻസർ സ്ക്രീനിംഗിൽ പങ്കെടുക്കാത്ത സ്ത്രീകളുണ്ടെങ്കിൽ എത്രയും വേഗം തൊട്ടടുത്ത ആരോഗ്യ കേന്ദ്രത്തിലെത്തി സ്ക്രീനിംഗ് നടത്തേണ്ടതാണ്. കാൻസർ അതിജീവിതരുടെ സംഗമത്തോടനുബന്ധിച്ച് ജെൻഡർ പാർക്കിലെ വനിതാ ജീവനക്കാർക്കായി പ്രത്യേക സ്ക്രീനിംഗും സംഘടിപ്പിക്കും.

സംസ്ഥാന ആരോഗ്യ വകുപ്പ് പൊതുജന പങ്കാളിത്തത്തോടെ കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായാണ് ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ ആരംഭിച്ചത്. ഇതുവരെ 2.75 ലക്ഷത്തിലധികം പേരാണ് കാൻസർ സ്ക്രീനിംഗിൽ പങ്കെടുത്തത്. 1372 സർക്കാർ ആശുപത്രികളിൽ സ്ക്രീനിംഗിനായുള്ള സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. സ്ക്രീൻ ചെയ്തതിൽ 15,023 പേരെ കാൻസർ സംശയിച്ച് തുടർ പരിശോധനയ്ക്ക് റഫർ ചെയ്തു. പരിശോധനയിൽ കാൻസർ സ്ഥിരീകരിക്കുന്നവർക്ക് ചികിത്സയും തുടർ പരിചരണവും ലഭ്യമാക്കുന്നു. ഈ ക്യാമ്പയിനിലൂടെ നിലവിൽ 37 പേർക്ക് കാൻസർ സ്ഥിരീകരിച്ചിട്ടുണ്ട്. ഇവരിൽ ഭൂരിപക്ഷം പേരിലും പ്രാരംഭഘട്ടത്തിൽ തന്നെ കാൻസർ കണ്ടുപിടിക്കാനായതിനാൽ ചികിത്സിച്ച് വേഗം ഭേദമാക്കാൻ സാധിക്കും.

## ആനയെ രക്ഷിക്കാൻ പരമാവധി ശ്രമിച്ചു: വനംമന്ത്രി

തിരുവനന്തപുരം: മസ്തകത്തിന് പരിക്കേറ്റതിനെ തുടർന്ന് ചികിത്സയിലായിരുന്ന അതിരപ്പിള്ളിയിലെ കാട്ടാന ചരിഞ്ഞ സംഭവത്തിൽ പ്രതികരണവുമായി വനംമന്ത്രി എ.കെ.ശശീന്ദ്രൻ. ആനയെ രക്ഷിക്കാൻ പരമാവധി ശ്രമിച്ചെന്ന് മന്ത്രി പ്രതികരിച്ചു.

പോസ്റ്റ്മോർട്ടം റിപ്പോർട്ട് കിട്ടിയാലെ മരണകാരണം എന്താണെന്ന് വ്യക്തമാകൂ. ആന സാധാരണ ജീവിതത്തിലേക്ക് കടന്നുവരാൻ 30 ശതമാനം സാധ്യതയാണ് ഡോക്ടർമാർ നേരത്തേ പറഞ്ഞിരുന്നത്. കഴിഞ്ഞ രണ്ട് ദിവസമായി ആരോഗ്യനില മെച്ചപ്പെട്ടപ്പോൾ രക്ഷിക്കാൻ കഴിയുമെന്നാണ് കരുതിയത്.

കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 12 കാട്ടാനകൾക്കാണ് സംസ്ഥാനത്ത് ഇതേ രീതിയിൽ മരണം സംഭവിച്ചത്. ആനയുടെ പരിക്ക് വന്യജീവികൾ തമ്മിലുള്ള ഏറ്റുമുട്ടലിൽ സംഭവിച്ചതാകാമെന്നാണ് വിദഗ്ധർ പറയുന്നത്. എങ്കിലും ഇക്കാര്യം പരിശോധിക്കുന്ന കാര്യം ആലോചിക്കുമെന്നും മന്ത്രി പറഞ്ഞു.

## ന്യൂനത പരിഹരിച്ച് പുനർസമർപ്പിക്കണം

വയർമാൻ പരീക്ഷ 2024 ന് ലഭിച്ച അപേക്ഷകൾ പരിശോധിക്കുകയും ന്യൂനതകൾ കണ്ടെത്തിയവയ്ക്ക് അപേക്ഷകർക്ക് അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. അത്തരം അപേക്ഷകൾ ന്യൂനത പരിഹരിച്ച് ഫെബ്രുവരി 28 നകം പുനർ സമർപ്പിക്കണം.

## ഡ്രൈവർ നിയമനം

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ ആൻഡ് ടെക്നോളജി (സി-മെറ്റ്) യുടെ കീഴിൽ മുട്ടത്തറ നഴ്സിങ് കോളേജിലെ ഒഴിവുള്ള ഡ്രൈവർ തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ് വിജയമാണ് യോഗ്യത. ഹെവി മോട്ടോർ വെഹിക്കിൾ ലൈസൻസും പത്തു വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം. അപേക്ഷകൾ ഡയറക്ടർ, സി-മെറ്റ്, പാറ്റൂർ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം 695035 വിലാസത്തിൽ മാർച്ച് 9 നകം അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക്: 04712302400. പി.എൻ.എക്സ് 828/2025

## ക്വട്ടേഷൻ ക്ഷണിച്ചു

ന്യൂനപക്ഷ ക്ഷേമ ഡയറക്ടറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി കരാർ വ്യവസ്ഥയിൽ വാഹനം നൽകാൻ തയ്യാറുള്ളവരിൽനിന്നും പ്രതിമാസം 1500 കി.മീ എന്ന നിരക്കിൽ യാത്രയ്ക്ക് അനുയോജ്യമായ കണ്ടീഷനിലുള്ള വാഹന ഉടമകളിൽനിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു. താത്പര്യമുള്ളവർ മാർച്ച് 4ന് മുമ്പ് ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്, നാലാംനില, വികാസ് ഭവൻ, പി.എം.ജി, തിരുവനന്തപുരം - 6950 333 വിലാസത്തിലോ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ നേരിട്ടോ ക്വട്ടേഷൻ എത്തിക്കണം. വിശദവിവരങ്ങൾക്ക്: 04712300526, 9497518292.

## അധ്യാപക പാനലിലേക്ക് അപേക്ഷിക്കാം

പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവയിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ. എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ നീറ്റ്/ കീം മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികളെ പരിശീലിപ്പിക്കുന്നതിനായി രൂപീകരിക്കുന്ന അധ്യാപകരുടെ പാനലിലേക്ക് അപേക്ഷിക്കാം. കണക്ക്, ഫിസിക്സ്, ബയോളജി, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ കുറഞ്ഞത് രണ്ട് വർഷമെങ്കിലും നീറ്റ്/ കീം മത്സര പരീക്ഷ പരിശീലന കേന്ദ്രങ്ങളിൽ അധ്യാപന പരിചയവും ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവുമാണ് യോഗ്യത. പ്രായ പരിധി 50 വയസ്. മണിക്കൂറിൽ 500 രൂപയാണ് വേതനം. താൽപ്പര്യമുള്ളവർ ബയോഡേറ്റ, സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം മാർച്ച് 10ന് വൈകിട്ട് 4ന് മുമ്പായി പ്രിൻസിപ്പൽ, ഗവ. പ്രീ. എക്സാമിനേഷൻ ട്രെയിനിങ് സെന്റർ, സബ്ജയിൽ റോഡ്, ബൈലെയ്ൻ, ആലുവ- 683101 എന്ന വിലാസത്തിൽ അപേക്ഷിക്കണം. വിശദ വിവരങ്ങൾക്ക്: 0484 2623304.

## കരാർ നിയമനം

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കരാടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ (കമ്മ്യൂണിറ്റി ഓങ്കോളജി) തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. മാർച്ച് 12ന് വൈകിട്ട് 3 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ: www.rcctvm.gov.in .

# അച്ഛനമ്മമാർ ആശുപത്രിയിൽ ഉപേക്ഷിച്ച കുഞ്ഞിന് സർക്കാർ സംരക്ഷണമൊരുക്കും: മന്ത്രി വീണാ ജോർജ്

## അടിയന്തര ഇടപെടലിന് മന്ത്രി നിർദേശം നൽകി

അച്ഛനമ്മമാർ ആശുപത്രി ഐസിയുവിൽ ഉപേക്ഷിച്ച് പോയ 23 ദിവസം പ്രായമായ നവജാത ശിശുവിന് വനിത ശിശു വികസന വകുപ്പ് സംരക്ഷണമൊരുക്കുമെന്ന് ആരോഗ്യ വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതുസംബന്ധിച്ച് വനിത ശിശുവികസന വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി. വനിത ശിശുവികസന വകുപ്പ് ജില്ലാ ഓഫീസർ ആശുപത്രി സന്ദർശിച്ച് തുടർനടപടികൾ സ്വീകരിക്കും. മാതാപിതാക്കൾ തിരിച്ചു വരുന്നെങ്കിൽ കുഞ്ഞിനെ അവർക്ക് കൈമാറും. കുഞ്ഞിനെ മാതാപിതാക്കൾക്ക് ഇനി വേണ്ട എന്നാണെങ്കിൽ നിയമപരമായ നടപടികളിലൂടെ കുഞ്ഞിനെ ശിശുക്ഷേമ സമിതി ഏറ്റെടുക്കും. കുഞ്ഞിന് ഇനിയുള്ള ചികിത്സ ഉറപ്പാക്കാൻ എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ടിന് നിർദേശം നൽകി.

കോട്ടയത്തെ ഫിഷ് ഫാമിൽ ജോലി ചെയ്തിരുന്ന ജാർഖണ്ഡ് സ്വദേശികളായ ദമ്പതികൾ, പ്രസവത്തിനായി നാട്ടിലേക്ക് പോകുന്ന സമയത്താണ് ട്രെയിനിൽ വച്ച് ഭാര്യയ്ക്ക് അസ്വസ്ഥതകളുണ്ടായത്. തുടർന്ന് തൊട്ടടുത്തുള്ള ആശുപത്രിയിലെത്തിക്കുകയും പെൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തു. ഒരു കിലോയിൽ താഴെ മാത്രം ഭാരമായതിനാൽ വിദഗ്ധ ചികിത്സയ്ക്കായി കുഞ്ഞിനെ അവർ സ്വകാര്യ ആശുപത്രിയിലെ എൻഐസിയുവിലേയ്ക്ക് മാറ്റി.

പിന്നീട് അച്ഛനേയും അമ്മയേയും കാണാതെയായി. അവരുമായി ബന്ധപ്പെടാനും സാധിച്ചിട്ടില്ലാ എന്നാണ് ആശുപത്രി അധികൃതർ പറയുന്നത്.

## പുനരധിവാസം പൂർത്തിയാക്കണം; പ്രക്ഷോഭത്തിനൊരുങ്ങി ഉരുൾപൊട്ടൽ ദുരന്തബാധിതർ

കൊച്ചി: സർക്കാർ വാഗ്ദാനങ്ങൾ പാലിക്കുന്നില്ലെന്ന് ആരോപിച്ച് വൻ പ്രക്ഷോഭത്തിനൊരുങ്ങി മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർ. ജനശബ്ദം ആക്ഷൻ കമ്മിറ്റി ഞായറാഴ്ച ദുരന്തഭൂമിയിൽ കുടിൽ കെട്ടി സമരം ചെയ്യും. പുനരധിവാസം പൂർത്തിയാക്കുക, സർക്കാർ പ്രഖ്യാപിച്ച ജോലി നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. ജനകീയ ആക്ഷൻ കമ്മിറ്റി തിങ്കളാഴ്ച നിരാഹാര സമരം നടത്തുമെന്നും അറിയിച്ചിട്ടുണ്ട്. ദുരന്തം നടന്ന് ഏഴ് മാസം പിന്നിട്ടിട്ടും പ്രാഥമികമായി ഭൂമി ഏറ്റെടുക്കുന്ന നടപടി പോലും പൂർത്തിയാക്കാത്തതിൽ ഇവർക്ക് അതൃപ്തിയുണ്ട്. ദുരന്തബാധിതർക്ക് അഞ്ച് സെൻറ് ഭൂമി വീതം നൽകാനാണ് സർക്കാർ തീരുമാനം. ഇത് പത്തോ പതിനഞ്ചോ സെൻറായി ഉയർത്തണമെന്നും ഇവർ ആവശ്യമുയർത്തുന്നുണ്ട്.

## കിഫ്ബി റോഡുകൾക്ക് ടോൾ പിരിക്കും; തീരുമാനത്തിലുറച്ച് എൽഡിഎഫ്

തിരുവനന്തപുരം: കിഫ്ബി റോഡുകൾക്ക് ടോൾ പിരിക്കാനുള്ള തീരുമാനത്തിലുറച്ച് എൽഡിഎഫ്. കിഫ്ബിയുടെ സംരക്ഷണം ഉറപ്പാക്കണമെന്ന് സർക്കാരിനോട് എൽഡിഎഫ് ആവശ്യപ്പെട്ടു. ജനങ്ങൾക്ക് ദോഷം ഉണ്ടാകാത്ത രീതിയിൽ കിഫ്ബി പദ്ധതികളിൽ നിന്ന് വരുമാനം ഉണ്ടാക്കണം. വൻകിട പദ്ധതികൾ വഴി പണം കണ്ടെത്തണം. കിഫ്ബിയെ സംരക്ഷിക്കാൻ നടപടികൾ വേണമെന്നും എൽഡിഎഫ് ആവശ്യപ്പെട്ടു. എലപ്പുള്ളിയിലെ ബ്രുവറി പ്രദേശത്തെ ജലത്തിൻറെ വിനിയോഗത്തെയും കൃഷിയെയും ബാധിക്കരുത് തുടങ്ങിയ കാര്യങ്ങളും എൽഡിഎഫ് പുറത്തിറക്കിയ സർക്കുലറിൽ പറയുന്നുണ്ട്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ നിയമനം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ ഐസിഎംആർ പ്രോജക്ടിൽ പ്രോജക്ട് റിസർച്ച് സയന്റിസ്റ്റ് കക, പ്രോജക്ട് ടെക്നിക്കൽ സപ്പോർട്ട് കകക എന്നീ തസ്തികകളിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള ലിങ്ക്: https://forms.gle/HMW6JnfBVcJaDzXbA, https://forms.gle/bnFaordvv5gCqgcA8 . അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 5. വിശദവിവരങ്ങൾക്ക്: www.iav.kerala.gov.in .

# പീഡനക്കേസിൽ വധശിക്ഷയിൽനിന്ന് ഇളവുകിട്ടി പുറത്തിറങ്ങി; 11കാരിയെ പീഡിപ്പിച്ചു കൊന്നു, പിടിയിൽ

ഭോപ്പാൽ: മധ്യപ്രദേശിൽ പീഡനക്കേസിൽ ശിക്ഷാ ഇളവ് ലഭിച്ച് പുറത്തിറങ്ങിയ പ്രതി മറ്റൊരു പെൺകുട്ടിയെ പീഡിപ്പിച്ച് കൊലപ്പെടുത്തി.

മധ്യപ്രദേശിലെ രാജ്ഗഢ് ജില്ലയിലെ നരസിംഗഢ് സ്വദേശിനിയായ 11 കാരിയാണ് ക്രൂരമായ പീഡനത്തിനിരയായി കൊല്ലപ്പെട്ടത്.

സംസാരിക്കാനും കേൾക്കാനും കഴിയാത്ത 11കാരിയെ ഫെബ്രുവരി ഒന്നാം തീയതി രാത്രിയോടെയാണ് നരസിംഗഢിലെ വീട്ടിൽനിന്ന് കാണാതായത്. അടുത്തദിവസം രാവിലെ കുറ്റിക്കാട്ടിൽനിന്നും ക്രൂരമായി ഉപദ്രവിക്കപ്പെട്ട നിലയിൽ കുട്ടിയെ കണ്ടെത്തി.

തുടർന്ന് ഭോപ്പാലിലെ ഹമീദിയ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുട്ടി ക്രൂരമായി ഉപദ്രവിക്കപ്പെട്ടുവെന്ന് ഡോക്ടർമാർ കണ്ടെത്തി. ദിവസം ചെല്ലുംതോറും പെൺകുട്ടിയുടെ നില ഗുരുതരമായി. ഒടുവിൽ ഫെബ്രുവരി എട്ടാംതീയതിയോടെ കുട്ടി മരണത്തിന് കീഴടങ്ങി.

കുട്ടികളെ പീഡിപ്പിച്ച് കൊലപ്പെടുത്തിയതിന് രണ്ടുതവണ ശിക്ഷ അനുഭവിച്ചിട്ടുള്ളയാളാണ് അറസ്റ്റിലായ രമേഷ് സിംഗ് എന്ന് പോലീസ് വ്യക്തമാക്കി.

രമേഷ് സിംഗ് സീരിയൽ റേപ്പിസ്റ്റാണെന്ന് പോലീസ് വ്യക്തമാക്കുന്നു. മധ്യപ്രദേശിലെ ഷാജാപുർ ജില്ലയിലെ പൊലായ് കാലാ പട്ടണത്തിലെ ദബ്രിപുര സ്വദേശിയാണ് ഇയാൾ.

2003-ൽ ഷാജാപുരിലെ മുബാരിക്പുർ ഗ്രാമത്തിലെ അഞ്ച് വയസുകാരിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയതിനാണ് ഇയാൾ ആദ്യമായി പിടിക്കപ്പെട്ടത്. പത്തു വർഷത്തെ ശിക്ഷയാണ് അന്ന് രമേഷിന് ലഭിച്ചത്. ശിക്ഷ കഴിഞ്ഞ് 2013-ൽ പുറത്തിറങ്ങിയ പ്രതി തൊട്ടടുത്ത വർഷം അടുത്ത പെൺകുട്ടിയെ ആക്രമിച്ചു.

2014-ൽ സെഹോർ ജില്ലയിലെ ആഷ്ത നഗരത്തിൽനിന്നും എട്ടു വയസുകാരിയെ രമേഷ് തട്ടിക്കൊണ്ടു പോയി ക്രൂരമായി പീഡിപ്പിച്ചു. പിടിക്കപ്പെട്ട പ്രതിക്ക് കോടതി വധശിക്ഷ വിധിച്ചു.

2019-ൽ കേസ് ഹൈക്കോടതിയിൽ എത്തി. പ്രതിയെ തിരിച്ചറിയുന്നതിനായി നടത്തിയ തിരിച്ചറിയൽ പരേഡിൽ കുട്ടിക്കൊപ്പം അച്ഛനും ഉണ്ടായിരുന്നുവെന്നും, അച്ഛന്റെ സാന്നിധ്യം കുറ്റവാളിയെ തിരിച്ചറിയുന്നതിൽ കുട്ടിയെ സ്വാധീനിച്ചിരിക്കാമെന്നും വാദം കൊഴുത്തു.

നിയമത്തിലെ പഴുതുകൾ കൃത്യമായി ഉപയോഗപ്പെടുത്തി രമേഷ് സ്വതന്ത്രനായി പുറത്തിറങ്ങി. എന്നാലത് വീണ്ടുമൊരു പെൺകുട്ടിയുടെ ജീവനെടുക്കുന്നതിലേക്കാണ് നയിച്ചത്.

# സേവന മേഖലയിലെ മികവ്: പരവൂർ കുടുംബശ്രീ നഗരസഭാ സി.ഡി.എസിന് ഐ.എസ്.ഓ സർട്ടിഫിക്കേഷൻ

തിരുവനന്തപുരം: മാതൃകാപരമായ പ്രവർത്തന മികവിന് കൊല്ലം ജില്ലയിലെ പരവൂർ നഗരസഭാ സി.ഡി.എസിന് ഐ.എസ്.ഓ അംഗീകാരം. സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമാർജനമെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള സർക്കാർ രൂപം കൊടുത്ത ബൈലാ പ്രകാരമുള്ള എല്ലാ സേവനങ്ങളും ലഭ്യമാക്കിയതിനാണ് ഈ നേട്ടം. മൂന്നു വർഷമാണ് സർട്ടിഫിക്കേഷൻറെ കാലാവധി.

സി.ഡി.എസ് അധ്യക്ഷ രേഖ സിയുടെ നേതൃത്വത്തിലുള്ള 32 അംഗ സമിതിയാണ് സി.ഡി.എസ് ഓഫീസിലെ മികവുറ്റ പ്രവർത്തനങ്ങൾക്ക് പിന്നിൽ. മികച്ച രീതിയിലുള്ള ഓഫീസ് നിർവഹണവും സമയബന്ധിതമായ സേവനങ്ങളുമാണ് നേട്ടത്തിലേക്ക് വഴി തെളിച്ചത്. കുടുംബശ്രീയുമായി ബന്ധപ്പെട്ട ഏതു വിവരവും വേഗത്തിൽ ലഭ്യമാക്കാൻ കഴിയും വിധമാണ് ഓഫീസിൻറെ സജ്ജീകരണം. അയൽക്കൂട്ടങ്ങളുടെ വിവരങ്ങൾ, രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ്, അക്കൗണ്ടിങ്ങ് സിസ്റ്റം സാമ്പത്തിക ഇടപാടുകൾ എന്നിവയിലെ കൃത്യത ഉൾപ്പെടെയുള്ള മേഖലകളിൽ മികച്ച പ്രവർത്തനങ്ങളാണ് സി.ഡി.എസിൻറേത്. അക്കൗണ്ടിങ്ങ് സിസ്റ്റം കാര്യക്ഷമമാക്കുന്നതിന് ആറുമാസം കൂടുമ്പോൾ ഇൻറേണൽ ഓഡിറ്റും നടത്തുന്നു. മൂന്നു മാസങ്ങൾക്ക് മുമ്പ് ഓഫീസ് നവീകരണവും പൂർത്തിയാക്കി.

അയൽക്കൂട്ട വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ അവസരമൊരുക്കുന്നതിലും സി.ഡി.എസ് മുന്നിലാണ്. അർഹരായ മുഴുവൻ കുടുംബങ്ങളെയും കുടുംബശ്രീ സംഘടനയിൽ ഉൾപ്പെടുത്തൽ, യുവതീയുവാക്കൾക്കുള്ള തൊഴിൽ നൈപുണ്യ പരിശീലനം, കമ്യൂണിറ്റി കൗൺസലിങ്ങ്, കുടുംബശ്രീ അംഗങ്ങൾക്കുള്ള കാര്യശേഷി വികസനം തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം സി.ഡി.എസ് മുഖേന നിർവഹിക്കുന്നു. കൂടാതെ സാമൂഹിക വികസന പ്രവർത്തനങ്ങൾ, സൂക്ഷ്മസംരംഭ പ്രവർത്തനങ്ങൾക്കുള്ള സഹായങ്ങൾ, വിവിധ വകുപ്പുകളുമായുള്ള സംയോജന പ്രവർത്തനങ്ങൾ, സൂക്ഷ്മസാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവയും സി.ഡി.എസിൻറെ പ്രധാന പ്രവർത്തനങ്ങളാണ്.

സി.ഡി.എസിൻറെ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ ജില്ലാ മിഷൻറെയും പഞ്ചായത്ത് ഭരണസമിതിയുടെയും പൂർണ പിന്തുണ ലഭിച്ചതും നേട്ടത്തിന് വഴിയൊരുക്കി. മികച്ച പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം സംസ്ഥാനത്ത് ആദ്യമായി വയനാട് ജില്ലയിലെ വേങ്ങപ്പള്ളി സി.ഡി.എസിന് ഐ.എസ്.ഒ അംഗീകാരം ലഭിച്ചിരുന്നു.

# കേരള ഹീമോഫീലിയ കോ-ഓർഡിനേഷൻ കമ്മിറ്റി ഭാരവാഹികളുമായി ആരോഗ്യ വകുപ്പ് മന്ത്രി ചർച്ച നടത്തി

കേരള ഹീമോഫീലിയ കോ-ഓർഡിനേഷൻ കമ്മിറ്റി ഭാരവാഹികളുമായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ചർച്ച നടത്തി.

നിലവിലെ സാഹചര്യത്തിൽ താലൂക്ക് ആശുപത്രികളിൽ ഹീമോഫീലിയ ഫാക്ടർ ലഭ്യതയുമായി നിലനിൽക്കുന്ന അപര്യാപ്തത കേരള ഹീമോഫീലിയ കോ ഓഡിനേഷൻ കമ്മിറ്റി പ്രതിനിധികൾ അറിയിച്ചു. റീ കോമ്പിനന്റ് ഫാക്ടർ 8 വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കഴിഞ്ഞ തിങ്കളാഴ്ച ഉന്നതതല യോഗം കൂടി ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. രോഗികളുടെ സാന്ദ്രത കണക്കിലെടുത്ത് ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് കേന്ദ്രങ്ങളിലേക്ക് ഒരാഴ്ചക്കകം മരുന്ന് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ മന്ത്രി നിർദ്ദേശം നൽകി.

കേരളത്തിൽ നിലവിൽ 18 വയസ്സിന് താഴെയുള്ള 254 കുട്ടികൾക്കാണ് എമിസിസുമാബ് പ്രൊഫിലാക്സിസ് ചികിത്സ നൽകിവരുന്നത്.

പ്രായപരിധി വിപുലീകരിച്ച് ആവശ്യമായ രോഗികൾക്ക്കൂടി എമിസിസുമാബ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സർക്കാർ ഉടൻ തന്നെ നടപടിയെടുക്കുമെന്ന് അറിയിച്ചു. ഹീമോഫീലിയ ബി രോഗികൾക്കും രക്തസ്രാവത്തിന്റെ തീവ്രത അനുസരിച്ച് കൂടുതൽ പേർക്ക് പ്രൊഫിലാക്സിസ് ചികിത്സ ലഭ്യമാക്കുമെന്നും അറിയിച്ചു.

രക്തജന്യ രോഗമുള്ള സ്ത്രീകളിലും പെൺകുട്ടികളിലും ഉണ്ടാകുന്ന രക്തസ്രാവം നിയന്ത്രിക്കുന്നതിന് പ്രത്യേക മാർഗരേഖ തയ്യാറാക്കി ഈ വർഷം തന്നെ നടപ്പിലാക്കുമെന്ന് ഉറപ്പുനൽകി.

ഹീമോഫീലിയ രോഗികൾ നിലവിൽ അനുഭവിക്കുന്ന പ്രയാസങ്ങൾ കോ - ഓഡിനേഷൻ കമ്മിറ്റി അംഗങ്ങൾ മന്ത്രിയെ ധരിപ്പിക്കുകയും ഈ വിഷയം പരിശോധിച്ച് വേണ്ട ഇടപെടൽ നടത്താമെന്ന് ഉറപ്പ് നൽകി.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടി, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ, കേരള കോ ഓഡിനേഷൻ കമ്മിറ്റി ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

# ലിപിഡോമിക്സിനെക്കുറിച്ചുള്ള ദേശീയ സിമ്പോസിയം ആർജിസിബിയിൽ

തിരുവനന്തപുരം: മാതാപിതാക്കളിലെ വിറ്റാമിൻ ബി 12 ൻറെ അഭാവം ഡിഎൻഎ പ്രവർത്തനങ്ങളെ ബാധിച്ചേക്കാമെന്ന് സിഎസ്ഐആർ-ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇൻറഗ്രേറ്റീവ് ബയോളജിയിലെ സീനിയർ പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. ശന്തനു സെൻഗുപ്ത പറഞ്ഞു. ഇത്തരം മാതാപിതാക്കളുടെ കുട്ടികൾക്ക് കാർഡിയോമെറ്റബോളിക് സിൻഡ്രോമിനുള്ള സാധ്യത കൂടുതലാണെന്നും അദ്ദേഹം പറഞ്ഞു.

രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയിൽ (ബ്രിക്-ആർജിസിബി) നടക്കുന്ന ദ്വിദിന ദേശീയ സിമ്പോസിയത്തിൽ 'മാസ് സ്പെക്ട്രോമെട്രി-ബേസ്ഡ് ലിപിഡോമിക്സ്' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോശവിശകലനത്തിന് സഹായകമാകുന്ന മൾട്ടി-ഒമിക്സ് സമീപനത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു തൻറെ പഠനം. വ്യക്തികളുടെ കോശസ്വഭാവത്തെയും പ്രവർത്തനത്തെയും കുറിച്ച് സമഗ്ര ധാരണ നേടുന്നതിന് പഠനം സഹായകമായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഹൃദയം, രക്തക്കുഴലുകൾ, ശരീരത്തിലെ ഉപാപചയ പ്രവർത്തനങ്ങൾ എന്നിവയെ ബാധിക്കുന്ന സങ്കീർണ്ണമായ കാർഡിയോ-മെറ്റബോളിക് ഡിസോർഡേഴ്സുകൾക്ക് പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 10,000-ത്തിലധികം ആളുകളെ ഉൾപ്പെടുത്തി നടത്തിയ 'ഫിനോം ഇന്ത്യ' പഠനത്തെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു. ഹൃദ്രോഗം, പക്ഷാഘാതം, പ്രമേഹം, നോൺ-ആൽക്കഹോളിക് ഫാറ്റി ലിവർ ഡിസീസ് തുടങ്ങിയവ കാർഡിയോ-മെറ്റബോളിക് ഡിസോർഡേഴ്സുകളാണ്.

ഹൃദയ സംബന്ധമായ അസുഖങ്ങൾ ബാധിച്ചവരെ പരിശോധിക്കുന്നതിനുള്ള കൃത്യമായ ഒരു ബയോമാർക്കർ പാനലാണ് 'ഫിനോം ഇന്ത്യ' സംരംഭമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ആർജിസിബിയിലെ ശാസ്ത്രജ്ഞയും ഡീനുമായ ഡോ. എസ്. ആശ നായർ സിമ്പോസിയം ഉദ്ഘാടനം ചെയ്തു. ഓർഗനൈസിംഗ് സെക്രട്ടറി ഡോ. അബ്ദുൾ ജലീൽ സ്വാഗതം പറഞ്ഞു.

രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

ഒരു നിശ്ചിത സമയത്ത് ഒരു ജൈവ വ്യവസ്ഥയിൽ കാണപ്പെടുന്ന ലിപിഡുകളുടെ പൂർണ്ണമായ പ്രൊഫൈലാണ് ലിപിഡോമിക്സ്. ലിപിഡുകളെ തിരിച്ചറിയാനും അളക്കാനും ഇത് ഉപയോഗിക്കുന്നു.

## എം.ബി.എ പ്രവേശനം : അഡ്മിറ്റ് കാർഡുകൾ ലഭ്യമാക്കി

2025 ഫെബ്രുവരി 23 ന് നടത്തുന്ന എം.ബി.എ. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയായ കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (കെമാറ്റ് സെഷൻ ക 2025) ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. ഓൺലൈൻ അപേക്ഷയിലെ അപാകതകൾ മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞു വച്ചിട്ടുണ്ട്. അത്തരം അപേക്ഷകർക്ക് www.cee.kerala.gov.in വെബ്സൈറ്റിലൂടെ ഫെബ്രുവരി 21 ഉച്ചയ്ക്ക് 2 മണിക്ക് മുൻപ് അഡ്മിറ്റ് കാർഡുകൾ ലഭ്യമാക്കും. ഫോൺ : 0471 2525300.

# ഷോർട്ട് ഫിലിം മത്സരം

കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'മാറ്റങ്ങൾ യുവതയിൽ നിന്ന്" എന്ന പ്രമേയത്തിൽ വനിതാ ശിശു വികസന വകുപ്പ് കോളേജ് വിദ്യാർത്ഥികൾക്കായി ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നു. സംസ്ഥാനത്തെ കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. സ്ത്രീ ശാക്തീകരണം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് മത്സരം. ഷോർട്ട് ഫിലിമിലെ അഭിനേതാക്കൾ അടക്കം മുഴുവൻ അംഗങ്ങളും കോളേജ് വിദ്യാർത്ഥികൾ ആയിരിക്കണം. ദൈർഘ്യം 5 മിനിറ്റ്. എൻട്രികൾ, ഷോർട്ട് ഫിലിമിന്റെ പേര്, കോളേജിന്റെ പേര്, അംഗങ്ങളുടെ പേര്, ഫോൺ നമ്പർ, ഇമെയിൽ വിലാസം എന്നിവ അടക്കം ംedfilmcompetetion2025@gmail.com ഇമെയിൽ വിലാസത്തിൽ മാർച്ച് 2 നകം അയക്കണം. മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി 50,000 രൂപയും രണ്ടാം സമ്മാനമായി 25,000 രൂപയും മൂന്നാം സമ്മാനമായി 15,000 രൂപയും ലഭിക്കും. മാർച്ച് 8 ലെ വനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന സംസ്ഥാനതല പരിപാടിയിൽ സമ്മാനങ്ങൾ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് : 8606023266.

## സൗജന്യ പരിശീലനം

ആലുവ ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി/ പട്ടികവർഗ പിന്നാക്ക വിഭാഗത്തിൽപ്പെട്ട പ്ലസ്ടുവിന് പഠിക്കുന്ന വിദ്യാർഥികൾക്ക് 2025ലെ മെഡിക്കൽ എൻജിനിയറിങ് എൻട്രൻസിനായി സൗജന്യ പരിശീലനം നൽകുന്നു.

ഏപ്രിൽ 1ന് ആരംഭിക്കുന്ന പരിശീലനത്തിൽ പട്ടികജാതി/ പട്ടികവർഗ വിഭാഗക്കാർക്ക് 70 ശതമാനം സീറ്റും ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള ഒ.ബി.സി/ ഒ.ഇ.സി വിഭാഗത്തിൽപ്പെട്ടവർക്ക് 30 ശതമാനം സീറ്റും അനുവദിച്ചിട്ടുണ്ട്. പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് സ്റ്റൈപെന്റ് ലഭിക്കും.

അപേക്ഷകർ ഫോട്ടോ, ജാതി, വരുമാനം (ഒ.ബി.സി) എന്നിവയുടെ സർട്ടിഫിക്കറ്റ് സഹിതം മാർച്ച് 20ന് മുമ്പ് രക്ഷിതാവിനൊപ്പം ട്രെയിനിങ് സെന്ററിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക്: 0484-2623304.

## കഴക്കൂട്ടം കമ്യൂണിറ്റി സ്കിൽ പാർക്കിൽ തൊഴിൽമേള

അസാപ് കേരള കഴക്കൂട്ടം കമ്യൂണിറ്റി സ്കിൽ പാർക്കിന്റ നേതൃത്വത്തിൽ 22ന് തൊഴിൽമേള സംഘടിപ്പിക്കും. ഉന്നത വിദ്യാഭ്യാസ വകുപ്പ് ' വിജ്ഞാന കേരളം ' പദ്ധതിയുടെ ഭാഗമായാണ് മേള. പ്രവേശനം സൗജന്യം. വിവരങ്ങൾക്ക്: 9495999693, 9446017871, 7591980325.

## 1,920 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,920 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ഫെബ്രുവരി 25ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്-1/43/2025 ഫിൻ. തിയതി 20.02.2025) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

# ഏജൻസികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് നിലവിൽ സർക്കാർ അക്രഡിറ്റേഷൻ ഉണ്ടായിരുന്ന ഏജൻസികളും പുതുതായി അക്രഡിറ്റേഷൻ ആഗ്രഹിക്കുന്ന ഏജൻസികളും 2024-26 വർഷത്തേക്ക് അക്രഡിറ്റേഷൻ ലഭിക്കുന്നതിന് 29/01/2025 ലെ സ.ഉ.(പി) 7/2025/ധന ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അപേക്ഷകൾ സമർപ്പിക്കണം. അപേക്ഷകൾ, വിശദമായ പ്രൊഫോർമയും മറ്റ് അനുബന്ധ രേഖകളും സഹിതം ഫെബ്രുവരി 28ന് വൈകീട്ട് 5 നകം അഡീഷണൽ സെക്രട്ടറി, ധനകാര്യ (ഇൻഡസ്ട്രീസ് ആൻഡ് പബ്ലിക് വർക്സ് ബി) വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം- 695001 എന്ന വിലാസത്തിൽ നേരിട്ട്/ തപാൽ മുഖേനയും ഇ-മെയിലൂടെയും ലഭ്യമാക്കണം. ഇ-മെയിൽ: ശിറുംയ@ഴാമശഹ.രീ, കൂടുതൽ വിവരങ്ങൾക്ക്: 0471 2518834, 0471 2518318.

# അഭിമുഖം

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനുകീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ ഫെബ്രുവരി 22 ന് രാവിലെ 10ന് വിവിധ തസ്തികകളിൽ അഭിമുഖം നടക്കും. കസ്റ്റമർ റിലേഷൻസ് മാനേജർ, സെയിൽസ് എക്സിക്യൂട്ടീവ്, മാർക്കറ്റിങ് എക്സിക്യൂട്ടീവ്, സെയിൽസ് ട്രെയിനർ, സീനിയർ സെയിൽസ് ഓഫീസർ, എച്ച്.ആർ എക്സിക്യൂട്ടീവ്, കസ്റ്റമർ കെയർ എക്സിക്യൂട്ടീവ്, ടെലിമാർക്കറ്റിങ് എക്സിക്യൂട്ടീവ്, അക്കാഡമിക് കൗൺസലർ, ബിസിനസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്, ടീം ലീഡർ, മാനേജർ, അസിസ്റ്റന്റ് മാനേജർ, ഡെപ്യൂട്ടി മാനേജർ തസ്തികകളിലാണ് ഇന്റർവ്യൂ. പ്രായപരിധി 40 വയസ്. പ്രവൃത്തിപരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കും അപേക്ഷിക്കാം. എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്യാത്ത ഉദ്യോഗാർഥികൾ ഓഫീസുമായി ബന്ധപ്പെട്ട് മുൻകൂട്ടി രജിസ്ട്രേഷൻ ഉറപ്പ് വരുത്തണം. ഫോൺ: 0471-2992609.

## സെലക്ഷൻ ട്രയൽ 22ന്

കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള സ്പോർട്സ് സ്കൂളുകളിലേക്കും അക്കാദമികളിലേക്കും 2025-26 അധ്യയനവർഷത്തിലേക്കുള്ള 6, 7, 8, +1 (VHSE) ക്ലാസുകളിലേക്ക് കായിക അഭിരുചിയുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ ട്രയൽസ് (ജനുവരിയിൽ നടന്ന സെലക്ഷനിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് ഫെബ്രുവരി 22 ന് തിരുവനന്തപുരം ജി.വി രാജ സ്പോർട്സ് സ്കൂളിലും, കണ്ണൂർ സ്പോർട്സ് സ്കൂളിലും കുന്നംകുളം ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലും നടക്കും. വിശദവിവരങ്ങൾക്ക്: 0471-2326644.

## കംപ്യൂട്ടർ കോഴ്സുകൾ

തിരുവനന്തപുരം കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളജിലെ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെല്ലിന്റെ കീഴിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ടാലി, ഓട്ടോ കാഡ് (2ഡി, 3ഡി), പൈത്തൺ പ്രോഗ്രാമിങ്, ബ്യൂട്ടീഷ്യൻ, ഡാറ്റാ എൻട്രി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ആൺകുട്ടികൾക്കും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: 0471 2490670.

## അഭിമുഖം

ബാർട്ടൺ ഹിൽ ഗവ. എൻജിനിയറിങ് കോളജിൽ പ്രവർത്തിക്കുന്ന ട്രാൻസിലേഷണൽ റിസർച്ച് ആൻഡ് പ്രഫഷണൽ ലീഡർഷിപ്പ് സെന്ററിൽ കരാറടിസ്ഥാനത്തിൽ ഓഫീസ് ബോയ്, ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികകളിലേക്ക് അഭിമുഖം നടക്കും. ഓഫീസ് ബോയ് തസ്തികയിലേക്ക് 24നും ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിലേക്ക് 25നുമാണ് അഭിമുഖം. വിശദവിവരങ്ങൾക്ക്: 7736136161, 9995527866.

# ആരോഗ്യ ജാഗ്രതാ കലണ്ടർ പ്രകാരം പ്രവർത്തനങ്ങൾ ശക്തമാക്കണം: മന്ത്രി

## മഴക്കാലപൂർവ ശുചീകരണം: മന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു

ആരോഗ്യ ജാഗ്രതാ കലണ്ടർ പ്രകാരം പകർച്ചവ്യാധികൾക്കെതിരെ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ ജാഗ്രതാ കലണ്ടർ പ്രകാരം കൃത്യമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ജില്ലകൾ ഉറപ്പാക്കണം. ഫീൽഡ്തലത്തിലും ജില്ലാതലത്തിനും സംസ്ഥാനതലത്തിലും കൃത്യമായി പ്രവർത്തനങ്ങൾ നടത്തണം. പൊതുജനാരോഗ്യ സമിതികൾ യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണം. പൊതുജനാരോഗ്യ നിയമ പ്രകാരം പകർച്ചവ്യാധി പ്രതിരോധത്തിന് ശക്തമായ നടപടി സ്വീകരിക്കണം. നിപ പ്രതിരോധ പ്രവർത്തനങ്ങളും ശ്രദ്ധിക്കണം. കഠിനമായ ചൂടും തുടർന്നുണ്ടാകാൻ സാധ്യതയുള്ള ഇടവിട്ടുള്ള മഴയും കാരണം പകർച്ച വ്യാധികൾ വർധിക്കാൻ സാധ്യതയുണ്ട്. അത് മുന്നിൽ കണ്ട് പകർച്ചവ്യാധി പ്രതിരോധം ശക്തമാക്കാൻ മന്ത്രി ജില്ലകൾക്ക് നിർദേശം നൽകി. ആശുപത്രികൾ സജ്ജമായിരിക്കണം. മരുന്ന് ലഭ്യത ഉറപ്പാക്കാനും നിർദേശം നൽകി. മഴക്കാലപൂർവ ശുചീകരണവും പകർച്ചവ്യാധി പ്രതിരോധവും സംബന്ധിച്ച ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

വെള്ളത്തിന്റെ ക്ഷാമം ഉണ്ടാകുമ്പോൾ വയറിളക്ക രോഗങ്ങൾ, മഞ്ഞപ്പിത്തം, ടൈഫോയിഡ് തുടങ്ങിയവ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ഹെപ്പറ്റൈറ്റിസ് എ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ സമൂഹസദ്യകൾ നൽകുന്നവർ ഉൾപ്പെടെ ശുദ്ധമായ ജലം ഉപയോഗിക്കണം. തിളപ്പിച്ചാറിയ വെള്ളം കുടിക്കുന്നതാണ് ഏറ്റവും നല്ലത്. ശീതള പാനീയങ്ങൾ വിൽക്കുന്നവരും ഹോട്ടലുകളും പ്രത്യേകം ശ്രദ്ധിക്കണം. പരിശോധനകൾ ശക്തമാക്കും.

ജലദോഷം, ചുമ, വൈറൽ പനി, ഇൻഫ്ളുവൻസ - എച്ച്.1 എൻ.1, ഡെങ്കിപ്പനി, എലിപ്പനി, വയറിളക്ക രോഗങ്ങൾ എന്നിവ ഇപ്പോഴും പല സ്ഥലങ്ങളിലുമുണ്ട്. മൂന്ന് ദിവസത്തിലധികം നീണ്ട് നിൽക്കുന്ന പനിയോ അപായ സൂചനകളോ കണ്ടാൽ വിദഗ്ധ ചികിത്സ തേടണം. പനിയോ വയറിളക്കമോ ഉള്ളവർ ധാരാളം വെള്ളവും പാനീയങ്ങളും കുടിക്കണം.

പല സ്ഥലങ്ങളിലും ഇടവിട്ട് മഴ പെയ്യുന്നതിനാൽ ഡെങ്കിപ്പനിയ്ക്കെതിരെ ജാഗ്രത പാലിക്കണം.

എലിപ്പനിയ്ക്കെതിരെ ജാഗ്രത പുലർത്തണം. മലിനജലത്തിൽ ജോലി ചെയ്യേണ്ടി വരുന്നവരും ശുചീകരണ പ്രവർത്തനത്തിൽ ഏർപ്പെടേണ്ടി വരുന്നവരും ആഴ്ചയിൽ ഒരിക്കൽ ഡോക്സിസൈക്ലിൻ 100 മില്ലീ ഗ്രാമിന്റെ രണ്ട് ഗുളിക ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം നിർബന്ധമായും കഴിക്കേണ്ടതാണ്. വേനൽക്കാലത്ത് ജലസ്രോതസുകളിൽ വെള്ളം മലിനമാകാൻ സാധ്യതയുള്ളതിനാൽ അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് (അമീബിക് മസ്തിഷ്ക ജ്വരം) ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ എല്ലാവരും ശ്രദ്ധിക്കണം. സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ജില്ലാ സർവൈലൻസ് ഓഫീസർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## ടെണ്ടർ ക്ഷണിച്ചു

അഞ്ചൽ അഡിഷണൽ ഐ.സി.ഡി.എസ് ഓഫീസിന്റെ പരിധിയിൽ ആര്യങ്കാവ്, തെന്മല, കുളത്തുപ്പുഴ, ഏരൂർ എന്നീ പഞ്ചായത്തുകളിലെ 25 അങ്കണവാടികളിലേക്ക് അങ്കണവാടി ഫർണിച്ചർ (202425) വിതരണം ചെയ്യുന്നതിന് തയ്യാറുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മുദ്ര വച്ച കവറുകളിൽ ടെണ്ടർ ക്ഷണിച്ചു. മാർച്ച് 3 ന് ഉച്ചയ്ക്ക് 2.30 നകം ടെണ്ടർ സമർപ്പിക്കണം. ഫോൺ: 8075016432.

## പ്രവേശന തീയതി നീട്ടി

സ്കോൾ-കേരള ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആൻഡ് പ്രീ സ്കൂൾ മാനേജ്മെന്റ് കോഴ്സിന്റെ ഒന്നാം ബാച്ചിലേക്കുള്ള (2025) പ്രവേശന തീയതി ദീർഘിപ്പിച്ചു. പിഴയില്ലാതെ മാർച്ച് 5 വരെയും 100 രൂപ പിഴയോടുകൂടി 13 വരെയും www.scolekerala.org യിലൂടെ രജിസ്റ്റർ ചെയ്യാം. ഇതിനോടകം രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും രണ്ട് ദിവസത്തിനകം സംസ്ഥാന/ജില്ലാ ഓഫീസുകളിൽ നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കണം.

## പരമ്പരാഗത വിത്തുത്സവം: സംസ്ഥാനതല ഉദ്ഘാടനം 22 ന്

പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും പ്രചാരണവും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 22, 23, 24 തീയതികളിൽ ആലപ്പുഴ കഞ്ഞിക്കുഴി പഞ്ചായത്ത് അങ്കണത്തിൽ സംസ്ഥാനതല പരമ്പരാഗത വിത്തുൽസവം നടക്കും.

പരമ്പരാഗത വിത്തിനങ്ങളുടെ പ്രദർശനവും വിപണനവും വിത്ത് സംരക്ഷിക്കുന്ന കർഷകരുടെ അനുഭവം പങ്കുവെയ്ക്കലും വിവിധ വിഷയങ്ങളെ അധികരിച്ചുള്ള സെമിനാറുകൾ, പരമ്പരാഗത ഭക്ഷ്യമേള, കലാപരിപാടികൾ എന്നിവയും ഉണ്ടാവും.

ഫെബ്രുവരി22ന് രാവിലെ 9.30 ന് കൃഷി മന്ത്രി പി. പ്രസാദ് പരമ്പരാഗത വിത്തുൽസവ പ്രദർശന സ്റ്റാൾ ഉദ്ഘാടനം ചെയ്യും. പതിനാലു ജില്ലകളിൽ നിന്നായി അൻപതോളം സ്റ്റാളുകളുണ്ടാവും. വൈകുന്നേരം 3 മണിക്ക് സാംസ്കാരിക ഘോഷയാത്രയോടെ ആരംഭിക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ മന്ത്രി പി. പ്രസാദ് അദ്ധ്യക്ഷനാകും. ഫീഷറീസ് സാംസ്കാരിക യുവജന ക്ഷേമ വകുപ്പ് മന്ത്രി സജി ചെറിയാൻ വിത്തുൽസവം ഉദ്ഘാടനം ചെയ്യും. 24 ന് നടക്കുന്ന സമാപന സമ്മേളനം പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്യും.

## അധ്യാപക നിയമനം

പൂജപ്പുര എൽ.ബി.എസ് വനിതാ എൻജിനിയറിങ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിങ് ഡിപ്പാർട്ട്മെന്റിലെ അധ്യാപക ഒഴിവുകളിൽ കരാർ നിയമനത്തിന് ഫെബ്രുവരി 24ന് എഴുത്തുപരീക്ഷയും അഭിമുഖവും നടക്കും. കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിങ്ങിൽ എ.ഐ.സി.റ്റി.ഇയുടെ മാനദണ്ഡ പ്രകാരമുള്ള യോഗ്യത ഉള്ളവർക്ക് പങ്കെടുക്കാം. ഫെബ്രുവരി 23ന് വൈകിട്ട് 4ന് മുമ്പ് www.lbt.ac.in ൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. തുടർന്ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഫെബ്രുവരി 24ന് രാവിലെ 9:30 മണിക്ക് കോളേജ് ഓഫീസിൽ ഹാജരാകണം.

# യുജിസി കരട് ചട്ടം പിൻവലിക്കുന്നതിനുള്ള പ്രമേയം കേന്ദ്ര സർക്കാരിനയക്കും

യുജിസി കരട് ചട്ടത്തിലെ വ്യവസ്ഥകൾ ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് നടന്ന ദേശീയ കൺവെൻഷനിൽ പാസാക്കിയ കരട് ചട്ടം പിൻവലിക്കണമെന്നാവശ്യപ്പെട്ടുള്ള പ്രമേയം പ്രധാനമന്ത്രിയുടെയും കേന്ദ്ര ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുമെന്ന് സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു. തെലങ്കാന ഉപമുഖ്യമന്ത്രി ഭട്ടി വിക്രമാർക്ക മല്ലു, കർണാടക ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി എം.സി സുധാകർ, തമിഴ്നാട് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ഗോപി ചെഴിയാൻ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ സംയുക്തമായി നടത്തിയ പത്രസമ്മേളനത്തിൽ അറിയിച്ചു. അക്കാദമിക കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ട സംവിധാനമായ യു.ജി.സി ഭരണപരമായ കാര്യങ്ങളിൽ ഇടപ്പെടുന്നത് ശരിയല്ല. ഗ്രാമീണ മേഖലകളിലടക്കം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ച് അടിസ്ഥാന സൗകര്യങ്ങളും സ്കോളർഷിപ്പുകളും അനുവദിച്ചാണ് സംസ്ഥാന സർക്കാരുകൾ പ്രവർത്തിക്കുന്നത്. വൈസ് ചാൻസലറെ തീരുമാനിക്കുന്ന കമ്മിറ്റികളിലടക്കം സംസ്ഥാനങ്ങളുടെ പ്രാതിനിധ്യം ആവശ്യമില്ല എന്ന നിർദേശം ഫെഡറൽ തത്വങ്ങളുടെ ലംഘനമാണ്. കേരളം, തമിഴ്നാട്, കർണാടക, സംസ്ഥാനങ്ങൾ കരട് ചട്ടങ്ങൾക്കെതിരായ അഭിപ്രായം പ്രകടിപ്പിച്ചുകഴിഞ്ഞു. പഞ്ചാബ്, ഛത്തീസ്ഗഡ് ഈ വിഷയത്തിലെ ആശങ്ക അറിയിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഹൈദരാബാദിൽ നടക്കുന്ന ദേശീയ കൺവെൻഷനിൽ കൂടുതൽ സംസ്ഥാന ഗവൺമെന്റുകൾ യു.ജി.സി കരട് ചട്ടത്തിനെതിരായ നിലപാട് പ്രകടിപ്പിക്കുമെന്നാണ് കരുതുന്നതെന്നും മന്ത്രിമാർ പറഞ്ഞു.

വ്യവസായ ഭരണ നേതൃത്വങ്ങളിൽ നിന്നുള്ളവർ വൈസ് ചാൻസർമാരാകാമെന്ന നിർദേശം അക്കാദമിക നിലവാരത്തെ ഇല്ലാതാക്കും. ഭരണഘടനാപരമായും ജനാധിപത്യപരമായുമാകണം ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കേണ്ടതെന്നും മന്ത്രിമാർ പറഞ്ഞു.

# കസ്റ്റഡിയിലെടുത്തയാളെ സിപിഎം പ്രവർത്തകർ മോചിപ്പിച്ച സംഭവം; പോലീസുകാരെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതായി എഫ്ഐആർ

കണ്ണൂർ: സിപിഎം പ്രവർത്തകർ പോലീസ് ജീപ്പിൽനിന്ന് പ്രതിയെ മോചിപ്പിച്ച സംഭവത്തിൽ പോലീസുകാരെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതായി എഫ്ഐആർ. തലശേരിയിൽ പോലീസ് കസ്റ്റഡിയിലെടുത്തയാളെയാണ് ബലം പ്രയോഗിച്ച് സിപിഎം പ്രവർത്തകർ മോചിപ്പിച്ചത്.

പ്രതിയെ പോലീസ് വാഹനത്തിൽനിന്ന് ഇറക്കിക്കൊണ്ടുപോയ ശേഷം പോലീസുകാരെ ക്ഷേത്രപരിസരത്ത് പൂട്ടിയിടുകയായിരുന്നു. സംഭവത്തിൽ 55 സിപിഎം പ്രവർത്തകർക്കെതിരേ കേസെടുത്തിട്ടുണ്ട്.

കഴിഞ്ഞ ദിവസം മണോളിക്കാവ് ക്ഷേത്രോത്സവത്തിനിടെയുണ്ടായ സംഘർഷത്തിൽ 27 സിപിഎം പ്രവർത്തകർക്കെതിരേ പോലീസ് കേസെടുത്തിരുന്നു. ഇവരെ അറസ്റ്റ് ചെയ്യാൻ പോലീസ് സംഘം വ്യാഴാഴ്ച ഇവിടെ എത്തിയപ്പോഴായിരുന്നു നാടകീയ സംഭവം.

കേസിലെ ഒന്നാം പ്രതി ബിബിനെ കസ്റ്റഡിയിലെടുത്തപ്പോൾ സംഘടിച്ചെത്തിയ പ്രവർത്തകർ പോലീസ് വാഹനത്തിൽനിന്ന് പ്രതിയെ ബലമായി പിടിച്ചിറക്കുകയായിരുന്നു. പോലീസിനെ ഇവർ പൂട്ടിയിടുകയും ചെയ്തു.

അതേസമയം ബുധനാഴ്ച അർധരാത്രിയോടെ മണോളിക്കാവ് ക്ഷേത്രോത്സവത്തിനിടെയുണ്ടായ സംഘർഷമാണ് സംഭവങ്ങളുടെ തുടക്കം. എഴുന്നള്ളിപ്പിനിടെ സിപിഎം പ്രവർത്തകർ ഇൻക്വിലാബ് വിളിച്ചു. ഇത് സിപിഎം-ബിജെപി സംഘർഷത്തിലേക്ക് നയിക്കുകയായിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ചരിത്രനിമിഷം; കേരളം രഞ്ജി ട്രോഫി ഫൈനലിൽ, എതിരാളികൾ വിദർഭ




അഹമ്മദാബാദ്: ടിസ്റ്റുകൾനിറഞ്ഞ സെമിഫൈനൽ മത്സരത്തിനൊടുവിൽ കേരളം ചരിത്രത്തിലാദ്യമായി രഞ്ജി ട്രോഫി ഫൈനലിൽ പ്രവേശിച്ചു. അടിമുടി സസ്പെൻസ് നിറഞ്ഞ ത്രസിപ്പിക്കുന്ന സെമിപോരാട്ടത്തിൽ ഗുജറാത്തിനെതിരെ നേടിയ ഒന്നാം ഇന്നിങ്സ് ലീഡിന്റെ അകമ്പടിയിലാണ് കേരളം ചരിത്രത്തിലാദ്യമായി രഞ്ജി ട്രോഫിയുടെ ഫൈനലിലേക്ക് പ്രവേശനം നേടിയത്. ഏറക്കുറേ സാധ്യതകൾ അസ്തമിച്ചെന്ന് കരുതിയിടത്ത് നിന്ന് പൊരുതിക്കയറി ലീഡ് പിടിച്ചെടുക്കുകയായിരുന്നു.

ഒന്നാം ഇന്നിങ്സിൽ പുറത്താകാതെ 177 റൺസ് നേടി കേരളത്തിന്റെ നട്ടെല്ലായി മാറിയ മുഹമ്മദ് അസ്ഹറുദ്ദീനാണ് കളിയിലെ താരം. മറ്റൊരു സെമിയിൽ മുംബൈയെ പരാജയപ്പെടുത്തിയ വിദർഭയാകും കലാശപ്പോരിൽ കേരളത്തിന്റെ എതിരാളികൾ. 80 റൺസിനായിരുന്നു വിദർഭയുടെ വിജയം.

ഏഴിന് 429 റൺസുമായി അവസാന ദിനം ഇറങ്ങിയ ഗുജറാത്തിനെതിരെ 28 റൺസിനിടെ മൂന്നു വിക്കറ്റെടുക്കണമെന്ന വലിയ വെല്ലുവിളിയായിരുന്നു കേരളത്തിനുണ്ടായിരുന്നത്. കേരളം 455 റൺസിന് ഗുജറാത്തിനെ എറിഞ്ഞിട്ടു.

രണ്ടാം ഇന്നിങ്സിന് ഇറങ്ങിയ കേരളത്തിന് 114 റൺസെടുക്കുന്നതിനിടെ നാല് വിക്കറ്റുകൾ നഷ്ടമായിരുന്നു. സമനിലയിൽ പിരിഞ്ഞ മത്സരത്തിൽ ഒന്നാം ഇന്നിങ്സിന്റെ ലീഡോഡെയാണ് കേരളം ഫൈനലിൽ പ്രവേശിച്ചത്.

ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്തത് മുതൽ കേരളം കളിച്ച രീതിയും ആഗ്രഹിച്ചതും സമനിലയും ഒന്നാം ഇന്നിങ്സ് ലീഡുമായിരുന്നു. അതാകട്ടെ കടുത്ത സമ്മർദം അതിജീവിച്ച് കേരളം നേടിയെടുത്തു.

മുഹമ്മദ് അസ്ഹറുദീൻ ചങ്കുറപ്പോടെ ക്രീസ് അടക്കിഭരിച്ച(341 പന്തിൽ നിന്ന് 177 റൺസ് നോട്ടൗട്ട്) കളിയിൽ ആദ്യം നായകൻ സച്ചിൻ ബേബിയുടേയും(195 പന്തിൽ 69 റൺസ്) പിന്നാലെ സൽമാൻ നിസാറിന്റെയും(202 പന്തിൽ 52 റൺസ്) വീരോചിത ചെറുത്തുനിൽപും അവസാന രണ്ട് ബാറ്റർമാർ ഒഴികെ എല്ലാവരും തങ്ങളുടേതായ സംഭാവനകൾ നൽകിയ ടോട്ടൽ ടീം ഗെയിം. ആദ്യ രണ്ട് ദിവസവും കേരളം സേഫായിരുന്നു. എന്നാൽ മൂന്നാം ദിനം ഗുജറാത്ത് ശക്തമായി തിരിച്ചടിച്ചു. ഒരു വിക്കറ്റിന് 200 കടന്നപ്പോൾ കേരളം അപകടം മണത്തു. എന്നാൽ നാലാം ദിനം ജലജ് തന്റെ അനുഭവസമ്പത്ത് മുഴുവൻ പുറത്തെടുത്ത് മുൻനിരയെ വീഴ്ത്തി. അക്ഷോഭ്യനായി നിന്ന സെഞ്ചൂറിയൻ(148 റൺസ്) പാഞ്ചാലിനെ ബൗൾഡാക്കിയ ജലജിന്റെ പന്താണ് ഈ കളിയുടെ ഗതിമാറ്റിയത്. മധ്യനിരയിൽ ജയ്മീത് പട്ടേൽ(79) പിടിച്ചുനിന്നപ്പോൾ ഗുജറാത്ത് ലീഡ് ഉറപ്പിച്ചു.

എന്നാൽ നിർണായക ഘട്ടത്തിൽ കേരളത്തിന്റെ വിശ്വാസം കാത്ത മറുനാടൻ താരം ആദിത്യ സർവതെ മൂന്നു വിക്കറ്റെടുത്ത് കേരളത്തെ ലീഡിലേക്ക് നയിച്ചു. സച്ചിൻ ബേബി ജയ്മീത്തിന്റെ ക്യാച്ച് രാവിലെ നഷ്ടപ്പെടുത്തിയപ്പോൾ കേരളത്തിന്റെ പ്രതീക്ഷകൾ അസ്തമിച്ചു എന്ന് തോന്നി എന്നാൽ സർവതെയുടെ പന്തിൽ കീപ്പർ അസ്ഹറുദീന്റെ മിന്നൽ സറ്റമ്പിങ് ആ കുറവ് നികത്തി. അവസാന വിക്കറ്റിൽ ഏഴ് റൺസ് വേണ്ടപ്പോൾ ഷോർട്ട് ലെഗ് ഫീൽഡറായ സൽമാൻ നിസാറിന്റെ നേർക്ക് വന്ന ബുള്ളറ്റ് ഷോട്ട്

കൈയിൽ കയറി തെറിച്ചപ്പോൾ വീണ്ടും നിർഭാഗ്യത്തിന്റെ സമ്മർദവും നിരാശയും. തൊട്ടടുത്ത ഓവറിൽ ജലജിന്റെ പന്ത് കുത്തിത്തിരിഞ്ഞ് ബാറ്ററെയും കീപ്പറെയും ഞെട്ടിച്ച് സ്റ്റമ്പിന് മുകളിലൂടെ ബൈയായി ബൗണ്ടറിയിലേക്ക്. വീണ്ടും നിർഭാഗ്യത്തിന്റെ നിമിഷങ്ങൾ. കേരളം വിട്ടുകൊടുക്കാൻ തയ്യാറായില്ല. ലീഡിന് രണ്ട് റൺസ് മാത്രം അകലെ നാഗസ്വലയുടെ ബുള്ളറ്റ് ഷോട്ട്. നേരത്തെ വന്നതിന് സമാനമായ പവർഫുൾ ഷോട്ട് ഷോർട്ട് ലെഗിൽ നിന്ന സൽമാന്റെ ഹെൽമറ്റിലേക്ക്. അവിടെ നിന്ന് മുകളിലേക്ക് ഒടുവിൽ സ്ലിപ്പിൽ നിന്ന സച്ചിൻ ബേബിക്ക് അനായാസ ക്യാച്ച്. രണ്ട് ക്യാച്ചുകൾ നഷ്ടപ്പെടുത്തിയവർ ചേർന്ന് ഒരു ക്യാച്ചും ഒരു മത്സരവും ഫൈനലും സമ്മാനിച്ച ഫൈനൽ നിമിഷം കേരളത്തിന് രണ്ട് റൺസ് ലീഡ്.

അവസാനദിവസം ആദിത്യ സർവാതെയും ജലജ് സക്സേനയും ചേർന്ന് ഗുജറാത്തിനെ സമ്മർദത്തിന്റെ കൊടുമുടിയിൽക്കയറ്റി കളി കേരളത്തിന്റെ വരുതിയിലാക്കുകയായിരുന്നു.വെള്ളിയാഴ്ച മത്സരത്തിനിറങ്ങുമ്പോൾ കേരള സ്കോറിലേക്ക് 29 റൺസിന്റെ ദൂരമുണ്ടായിരുന്നു ഗുജറാത്തിന്. എന്നാൽ 436ൽ ജയ്മീത് പട്ടേലിനെ പുറത്താക്കി സാർവതെ കേരളത്തിന് ദിവസത്തിലെ ആദ്യത്തെ ബ്രേക്ക്ത്രൂ നൽകി. പിന്നാലെ സിദ്ദാർഥ് ദേശായിയെയും സാർവതെ തന്നെ മടക്കി. തലേദിവസം ക്രീസിൽ പിടിച്ചുനിന്ന ഈ രണ്ടുപേരും പുറത്തായതോടെ ഏറക്കുറെ അപകടം ഒഴിവായി. പക്ഷേ, പത്താംവിക്കറ്റിൽ അർസാൻ നഗ്വാസ്വല്ലയും പ്രിയാജിത്സിങ് ജഡേജയും ഏറെ നേരം പിടിച്ചുനിന്നത് കേരളത്തെ കുഴക്കി. ഇരുവരും എട്ടു ഓവർ പിടിച്ചുനിന്ന് ഏഴു റൺസ് നേടി. ഒടുക്കം രണ്ട് റൺസകലെവെച്ച് അർസാനെ സാർവതെ തന്നെ മടക്കി. കേരളത്തിന് രണ്ട് റൺസിന്റെ ലീഡ്.

അഞ്ചാംദിനം ഓപ്പണർമാരായ പ്രിയാങ്ക് പാഞ്ചലിന്റെയും (148 റൺസ്) ആര്യ ദേശായിയുടെയും (73) ഇന്നിങ്സുകളാണ് ഗുജറാത്തിനെ മികച്ച നിലയിലെത്തിച്ചത്. കേരളത്തിനായി ജലജ് സക്സേനയും ആദിത്യ സർവാതെ നാലുവിക്കറ്റുകൾവീതം നേടി. അവസാന ദിവസത്തെ മൂന്നുവിക്കറ്റും സാർവാതെയ്ക്കാണ്.

# ആറ്റുകാൽ പൊങ്കാല: അന്നദാനം– മാർഗനിർദ്ദേശങ്ങൾ

ആറ്റുകാൽ പൊങ്കാല പ്രമാണിച്ച് പൊങ്കാലയ്ക്കെത്തുന്ന ഭക്തജനങ്ങൾക്കും തീർത്ഥാടകർക്കും പൊതുജനങ്ങൾക്കും പൂർണമായ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളും ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമേ പ്രവർത്തിക്കാവൂ എന്ന് തിരുവനന്തപുരം സബ് കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർദേശിച്ചു.

എല്ലാ ഹോട്ടലുകളും ഭക്ഷ്യസുരക്ഷാ ലൈസൻസിന്റെ / രജിസ്ട്രേഷന്റെ പകർപ്പ് സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്. സ്ഥാപനങ്ങളിലെ ജീവനക്കാർ പരിശോധനാ സമയങ്ങളിൽ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. പൊങ്കാലയുടെ ഭാഗമായി ഭക്ഷ്യസംരംഭകർ , പാചകത്തൊഴിലാളികൾ എന്നിവർക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പ് മാർച്ച് ഒന്നിന് രാവിലെ 10.30 ന് തൈക്കാട് ഭക്ഷ്യസുരക്ഷാ ഭവനിൽ അവബോധന പരിപാടി നടത്തുന്നു. അന്നദാനവുമായി ബന്ധപ്പെട്ടവർ ഉൾപ്പെടെയുള്ള ഭക്ഷ്യ സംരംഭകർ നിർബന്ധമായും ഇതിൽ പങ്കെടുക്കണമെന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പ് അറിയിച്ചു.

പങ്കെടുക്കുന്നവർ ഭക്ഷണം കൈകാര്യം ചെയ്യുന്നവരുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നിവ fsonemom circle @gmail.com എന്ന ഇ–മെയിലിൽ മുൻകൂറായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

അന്നദാനം , ലഘുഭക്ഷണം, ശീതളപാനീയം, ദാഹജല വിതരണം എന്നിവ നടത്തുന്ന സ്ഥാപനങ്ങളും, സംഘടനകളും, വ്യക്തികളും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ രജിസ്ട്രേഷൻ മുൻകൂട്ടി എടുത്തിരിക്കണം. രജിസ്ട്രേഷനായി അക്ഷയ കേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്. അപേക്ഷയിൽ "Kind of business B-bn Food vending establishment" എന്നത് തിരഞ്ഞെടുക്കേണ്ടതും അപേക്ഷകന്റെ പേരിനൊപ്പം 'ആറ്റുകാൽ പൊങ്കാല' എന്ന് രേഖപ്പെടുത്തേണ്ടതുമാണ്.

ട്രസ്റ്റ് / ക്ലബ് നടത്തുന്ന അന്നദാനത്തിന്റെ രജിസ്ട്രേഷന്റെ ഓൺലൈൻ അപേക്ഷയിൽ ട്രസ്റ്റ് / ക്ലബിന്റെ പേര് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. അന്നദാനം നടത്തുന്നയാളുടെ അല്ലെങ്കിൽ ഉത്തരവാദിത്വമുള്ള ആളുടെ ഫോട്ടോ ഐഡി കാർഡ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിശ്ചിത ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്.

# വാർഡ് വിഭജനം: പബ്ലിക്ക് ഹിയറിംഗ് നടത്തി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനവും അതിർത്തി നിർണയവും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുമായ എ.ഷാജഹാന്റെ നേതൃത്വത്തിൽ പബ്ലിക് ഹിയറിംഗ് നടത്തി. ജില്ലാ ഇലക്ഷൻ ഓഫീസറും ജില്ലാ കളക്ടറുമായ അനുകുമാരിയും ഹിയറിംഗിൽ പങ്കെടുത്തു.

തിരുവനന്തപുരം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ രാവിലെ ഒൻപതിന് ആരംഭിച്ച ഹിയറിംഗിന് എത്തിയ മുഴുവൻ ആളുകളുടേയും പരാതികൾ കമ്മീഷൻ നേരിട്ട് കേട്ടു. അന്വേഷണ റിപ്പോർട്ടിന്റെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ പരാതികൾ ന്യായമായ രീതിയിൽ തീർപ്പാക്കുമെന്ന് അദ്ദേഹം അറിയിച്ചു.

രാവിലെ ഒൻപതിന് ആരംഭിച്ച ഹിയറിംഗിൽ അതിയന്നൂർ, ചിറയിൻകീഴ്, കിളിമാനൂർ, നെടുമങ്ങാട് എന്നീ ബ്ലോക്കുകളിലെ പരാതികൾ പരിഗണിച്ചു. നേമം, പാറശാല, പെരുങ്കടവിള , പോത്തൻകോട് എന്നീ ബ്ലോക്കുകളിലെ പരാതികൾ രാവിലെ 11മണിക്കും, വാമനപുരം, വർക്കല, വെള്ളനാട് ബ്ലോക്കുകളിലെ പരാതികൾ ഉച്ചയ്ക്ക് രണ്ടു മണിക്കും ഹിയറിംഗിൽ പരിഗണിച്ചു.

വാർഡ് വിഭജനവുമായി ബന്ധപ്പെട്ട പൊതുജനങ്ങൾ/ സംഘടനകൾ തുടങ്ങിയവർക്കുള്ള പരാതികൾ/ ആക്ഷേപങ്ങൾ/ നിർദ്ദേശങ്ങൾ എന്നിവ നേരിട്ടു കേട്ട് പരിഹരിക്കുന്നതിന്റെ ഭാഗമായാണ് പബ്ലിക് ഹിയറിംഗ് സംഘടിപ്പിച്ചത്. ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറി എസ്. ജോസ്നമോൾ, ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) എൻ. ബാലസുബ്രഹ്മണ്യൻ എന്നിവർ ഹിയറിംഗിൽ പങ്കെടുത്തു.

ജില്ലയിലെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട് ഇന്ന് (ഫെബ്രുവരി 22) രാവിലെ 9 മണി മുതൽ നടക്കുന്ന പബ്ലിക് ഹിയറിംഗിൽ തിരുവനന്തപുരം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തലത്തിലെ പരാതികൾ പരിഗണിക്കും.

വാർഡ് വിഭജനവുമായി ബന്ധപ്പെട്ട് നിശ്ചിത സമയപരിധിക്ക് മുമ്പ് പരാതി നൽകി രസീത് കൈപ്പറ്റിയ പരാതിക്കാരാണ് ഹിയറിംഗിൽ ഹാജരാകേണ്ടത്.

# ഉപതിരഞ്ഞെടുപ്പ്: മദ്യനിരോധനം ഏർപ്പെടുത്തി

ജില്ലയിൽ ഫെബ്രുവരി 24 ന് നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉപതിരഞ്ഞെടുപ്പിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് നടപടികൾ നടക്കുന്ന വാർഡുകളിൽ ജില്ലാ കളക്ടർ മദ്യനിരോധനം ഏർപ്പെടുത്തി.

തിരുവനന്തപുരം കേർപ്പറേഷനിലെ ശ്രീവരാഹം , കരുംകുളം ഗ്രാമ പഞ്ചായത്തിലെ കൊച്ചുപള്ളി, പൂവച്ചൽ ഗ്രാമ പഞ്ചായത്തിലെ പുളിങ്കോട്, പാങ്ങോട് ഗ്രാമ പഞ്ചായത്തിലെ പുലിപ്പാറ എന്നീ വാർഡുകളുടെ പരിധിക്കുള്ളിലും, പോളിംഗ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന ശ്രീവരാഹം, പി.എച്ച്.സി പുല്ലുവിള , പൂവച്ചൽ , പുലിപ്പാറ എന്നീ വാർഡുകളുടെ പരിധിയ്ക്കുള്ളിലും വേട്ടെടുപ്പ് അവസാനിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ടുമുമ്പുള്ള 48 മണിക്കൂറായിരിക്കും മദ്യനിരോധനം.

വോട്ടെണ്ണൽ കേന്ദ്രം സ്ഥിതി ചെയ്യുന്ന ശ്രീവരാഹം , കിളിത്തട്ട്, പൂവച്ചൽ, പാങ്ങോട് എന്നീ വാർഡുകളുടെ പരിധിയിൽ വോട്ടെണ്ണൽ ദിവസവും സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തിയതായി ജില്ലാ കളക്ടർ അറിയിച്ചു.

# സ്വർണമെന്നു കരുതി വഴിയാത്രക്കാരിയുടെ മാല പൊട്ടിച്ച യുവാവ് അറസ്റ്റിൽ

കണ്ണൂർ: വയോധികയായ വഴിയാത്രക്കാരിയുടെ മുക്കുമാല സ്വർണമെന്ന് കരുതി പൊട്ടിച്ചെടുത്ത മോഷ്ടാവ് പോലീസ് പിടിയിലായി. നാറാത്ത് സ്വദേശി ഇബ്രാഹിം (41) ആണ് അറസ്റ്റിലായത്.

പന്നേൻപാറ സ്വദേശിനിയായ എഴുപത്തിരണ്ടുകാരിയുടെ മാലയാണ് വ്യാഴാഴ്ച ഉച്ചയോടെ സ്കൂട്ടറിലെത്തിയ പ്രതി കവർന്നത്. കടയിൽ പോയി മടങ്ങുകയായിരുന്ന വയോധികയുടെ സമീപമെത്തിയ പ്രതി വഴി ചോദിക്കാനാണെന്ന വ്യാജേന സമീപത്തെത്തി മാല പൊട്ടിക്കുകയായിരുന്നു.

മാല പൊട്ടിച്ച ഉടൻ സ്കൂട്ടറിൽ രക്ഷപ്പെടുകയും ചെയ്തു. വീട്ടമ്മയുടെ പരാതിയിൽ പോലീസ് നടത്തിയ അന്വേഷണത്തിൽ രാത്രിയോടെ പ്രതിയെ അറസ്റ്റ് ചെയ്യുകയായിരുന്നു. കവർച്ചയ്ക്കാണ് കേസെടുത്തത്. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

# ട്രംപിൻറെ തെരഞ്ഞെടുപ്പ് ഫണ്ട് ആരോപണം; ആശങ്കാജനകമെന്ന് വിദേശകാര്യ മന്ത്രാലയം, അന്വേഷണം തുടങ്ങിയെന്ന് സൂചന

ന്യൂഡൽഹി: ഇന്ത്യയിലെ തെരഞ്ഞെടുപ്പ് അട്ടിമറിയ്ക്കാൻ അമേരിക്ക ഫണ്ട് നൽകി എന്ന റിപ്പോർട്ടുകൾ ആശങ്കാജനകമാണെന്ന് വിദേശകാര്യ മന്ത്രാലയം. ആരോപണത്തിൽ അന്വേഷണം തുടങ്ങി എന്ന സൂചനയും വിദേശകാര്യ വക്താവ് നൽകി.

വിഷയം രാജ്യത്തെ ബന്ധപ്പെട്ട ഏജൻസികൾ പരിശോധിക്കുന്നതായും മന്ത്രാലയം അറിയിച്ചു. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് അട്ടിമറിയ്ക്കാൻ 21 മില്യൺ ഡോളർ ഫണ്ട് എത്തിയെന്ന് വ്യാഴാഴ്ച അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് ആരോപിച്ചിരുന്നു.

ഈ പണം കൈക്കൂലിയാണ്. നൽകിയവർക്ക് ഇതിൻറെ വിഹിതം കിട്ടുന്നുണ്ട്. ബൈഡൻ ഭരണകൂടം ഇന്ത്യയിൽ ആരെയോ തെരഞ്ഞെടുക്കാൻ ശ്രമിച്ചു എന്നും ട്രംപ് പറഞ്ഞിരുന്നു. ഇന്ത്യയിൽ വോട്ടെടുപ്പ് പ്രോത്സാഹിപ്പിക്കാനുള്ള യുഎസ് സഹായം നിർത്തലാക്കിയതിനു പിന്നാലെയാണ് ആരോപണം.

ട്രംപിൻറെ പ്രതികരണത്തിനു പിന്നാലെ വിഷയം ഇന്ത്യയിലും വലിയ രാഷ്ട്രീയ ആരോപണങ്ങൾക്ക് വഴിവച്ചിരിക്കുകയാണ്. ഇതിനിടെയാണ് വിദേശകാര്യ മന്ത്രാലയത്തിൻറെ പ്രതികരണം.

# ആശാവർക്കർമാരെ കൈവിട്ടത് ക്രൂരമായിപ്പോയെന്ന് കെ സുധാകരൻ

## സമരത്തിന് കെപിസിസിയുടെ പിന്തുണ

ഡൽഹിയിൽ ബിജെപിക്കും സിപിഎമ്മിനും ഇടയിൽ പാലം പണിയുന്ന പ്രൊഫ കെവി തോമസിന്റെ യാത്രാബത്ത 5 ലക്ഷം രൂപയിൽനിന്ന് 11.31 ലക്ഷമാക്കി ഉയർത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ പാവപ്പെട്ട ആശാവർക്കർമാരുടെ 7000 രൂപയുടെ ഓണറേറിയം വർധിപ്പിക്കണമെന്ന ആവശ്യം തള്ളിക്കളഞ്ഞത് ക്രൂരമായിപ്പോയെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ എംപി. സെക്രട്ടേറിയറ്റിന് മുന്നിൽ സമരം നടത്തുന്ന ആശാവർക്കർമാരെ അഭിസംബോധന ചെയ്തു സംസാരിക്കുക ആയിരുന്നു അദ്ദേഹം.

കെ.വി.തോമസ് ചോദിച്ച അത്രയൊന്നും ആശാവർക്കർമാർ ചോദിച്ചിട്ടില്ല.എന്തിന്റെ ശമ്പളമാണ് കെ.വി.തോമസിന് കൊടുക്കുന്നതെന്ന് സർക്കാർ പറയണം. ഓഫീസിലിരുന്ന് ഒപ്പിട്ട് പൈസ വാങ്ങുന്നവരല്ല ആശാവർക്കർമാർ.പാവപ്പെട്ടവർക്ക് സേവനം നൽകുന്നവരാണവർ. മറ്റെല്ലാമേഖലയിലും ശമ്പളം വർധിപ്പിക്കുമ്പോൾ ആശാവർക്കർക്ക് മാത്രം ഒരു പരിഗണനയുമില്ല. നിങ്ങളുടെ ന്യായമായ ആവശ്യം നേടിയെടുക്കുന്നവരെ കോൺഗ്രസും കോൺഗ്രസ് പ്രവർത്തകരും ഒപ്പം ഉണ്ടാകും. നിങ്ങൾക്ക് മറ്റെന്തെങ്കിലും ജോലിക്കും പോകാനില്ല. സർക്കാർ നിങ്ങൾക്കെതിരേ നിൽക്കുന്നു. അതിനെതിരായ പോരാട്ടം മനക്കരുത്തോടെ കൊണ്ടുപോകണം. കോൺഗ്രസിന്റെ എല്ലാ പിന്തുണയും ഉണ്ടാകുമെന്ന് അദ്ദേഹം ഉറപ്പ് നല്കി.

ഉപ്പുതൊട്ട് കർപ്പൂരം വരെ സകലതിനും വിലകൂടി ജീവിക്കാൻ കഴിയാത്ത സാഹചര്യമൊരുക്കിയ മുഖ്യമന്ത്രി പിണറായി വിജയൻ ഇവർക്ക് നല്കുന്നത് 7000 രൂപ മാത്രമാണ്. അതായത് ദിവസേന 233 രൂപ. കേരളത്തിൽ അതിഥി തൊഴിലാളികൾക്കുപോലും ദിവസക്കൂലി ആയിരം രൂപ കൊടുക്കണം.സങ്കടം പറയാൻ ആരോഗ്യമന്ത്രിയുടെ വീട്ടിലെത്തിയ ആശാവർക്കർമാരെ ആട്ടിയോടിച്ചു.മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ പുലർച്ചെ നാലുമണിക്ക് കാണാൻ ചെന്നപ്പോൾ പോലും അവരെ കേൾക്കാൻ തയ്യാറായ ഒരു സർക്കാർ ഉണ്ടായിരുന്നെന്നത് മുഖ്യമന്ത്രി മറക്കരുതെന്നും കെ.സുധാകരൻ ഓർമ്മിപ്പിച്ചു.

ആശാവർക്കർമാർക്ക് കേന്ദ്രവിഹിതവും കിട്ടുന്നില്ല. മോദി സർക്കാരും പിണറായി സർക്കാരും ഒറ്റക്കെട്ടായി ആശാവർക്കമാരെ കൈവിട്ടു. സമ്പന്നരുടെ ആവശ്യമാണെങ്കിൽ ഇവർ ഒറ്റക്കെട്ടായി അവർക്കുവേണ്ടി പോരാടിയേനെയെന്നും കെ.സുധാകരൻ പറഞ്ഞു.

കെപിസിസി സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി എം.ലിജു, കെപിസിസി വൈസ് പ്രസിഡന്റ് വി.പി.സജീന്ദ്രൻ, കെപിസിസി ജനറൽ സെക്രട്ടറി കെ.ജയന്ത് കെപിസിസി ജനറൽ സെക്രട്ടറി ബി.എ.അബ്ദുൾ മുത്തലീബ്, ആറ്റിപ്ര അനിൽ എന്നിവരും അദ്ദഹേത്തോടൊപ്പം ഉണ്ടായിരുന്നു.

# ജൂനിയർ ഇൻസ്ട്രക്ടർ അഭിമുഖം

ആറ്റിങ്ങൾ ഗവ. ഐ ടി ഐ യിൽ ഇലക്ട്രോണിക്സ് മെക്കാനിക് , ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ട്രേഡുകളിൽ ജൂനിയർ ഇൻസ്ട്രക്ടറുടെ ഒഴിവിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു.

ഇലക്ട്രോണിക്സ് മെക്കാനിക് ട്രേഡിൽ ഒ.സി വിഭാഗത്തിനും ഡ്രാഫ്റ്റ്സ്മാൻ സിവിലിൽ എം. യു വിഭാഗത്തിനും സംവരണം ചെയ്തിട്ടുള്ള ഒഴുവുകളിലേക്കാണ് നിയമനം.

താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 25.02.2025ന് രാവിലെ 10.30 ന് കോളേജിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

യോഗ്യത സംബന്ധിച്ച വിവരങ്ങൾക്ക് www.cstaricalcutta.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക്: 0470 2622391.

# കൈക്കൂലി കേസ്: എറണാകുളം ആർടിഒയെ സസ്പെൻഡുചെയ്തു

എറണാകുളം: ബസ് റൂട്ട് പെർമിറ്റ് മാറ്റാൻ കൈക്കൂലി വാങ്ങിയ കേസിൽ അറസ്റ്റിലായ എറണാകുളം ആർടിഒ ജെഴ്സനെ സസ്പെൻഡുചെയ്തു. ആർടിഒക്കെതിരെ അനധികൃത സ്വത്ത് സമ്പാദനത്തിലും അന്വേഷണം വേണമെന്ന് വിജിലൻസ് നിർദേശിച്ചു. ആർടിഒ ജെഴ്സൺ, ഏജൻറുമാരായ സജി, രാമപടിയാർ എന്നിവരാണ് പിടിയിലായത്. ബുധനാഴ്ച എറണാകുളം ട്രാൻസ്പോർട്ട് ഓഫീസിന് സമീപത്തു നിന്നാണ് 5000 രൂപയും ഒരു കുപ്പി മദ്യവും ആർടിഒയുടെ നിർദേശപ്രകാരം കൈക്കൂലിയായി വാങ്ങുന്നതിനിടെ ഏജൻറുമാരായ സജിയും രാമപടിയാറും പിടിയിലായത്. ഇവരുടെ കുറ്റസമ്മത മൊഴികളുടെയും മറ്റു തെളിവുകളുടെയും അടിസ്ഥാനത്തിലാണ് ആർടിഒ ജെഴ്സനെ വിജിലൻസ് അറസ്റ്റു ചെയ്തത്. പ്രതികൾ അറസ്റ്റിലായ ബുധനാഴ്ച വൈകുന്നേരവും ആർടിഒയുടെ വീട്ടിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നു. അന്ന് 49 കുപ്പി വിദേശമദ്യം പിടിച്ചെടുത്തിരുന്നു. ഇടപ്പള്ളിയിലെ വീട്ടിൽ വിജിലൻസ് പരിശോധന നടത്തി. പരിശോധനയിൽ 74 ലക്ഷം രൂപയുടെ നിക്ഷേപത്തിൻറെ രേഖകളും 64000 രൂപയും, ഭൂമി വാങ്ങിയതിൻറെ രേഖകളും 74 കുപ്പി വിദേശ നിർമിത വിദേശമദ്യവും പിടിച്ചെടുത്തു.